2025 MARCH
13
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




## തായ്‌ലാന്റിൽ തൊഴിൽതട്ടിപ്പിൽ കുടുങ്ങിയ

# 11 മലയാളികളെ നാട്ടിലെത്തിച്ചു

■ **വ്യാജ റിക്രൂട്ട്മെന്റ് ഏജന്റുമാർ വഴി ഗോൾഡൻ ട്രയാംഗിൾ എന്നറിയപ്പെടുന്ന മേഖലയിൽ ഉൾപ്പെടെ വ്യാജ കോൾ സെന്ററുകളിൽ സൈബർ കുറ്റകൃത്യങ്ങൾ (സ്കാമിങ്ങ്) ഉൾപ്പെടെ ചെയ്യാൻ നിർബന്ധിതരായി കുടുങ്ങിയവരാണ് തിരിച്ചെത്തിയവർ**

**തിരുവനന്തപുരം:** തായ്‌ലാന്റ്, മ്യാൻമാർ, ലാവോസ്, കംബോഡിയ അതിർത്തിയിലെ കുപ്രസിദ്ധമായ ഗോൾഡൻ ട്രയാംഗിൾ പ്രദേശത്ത് തൊഴിൽതട്ടിപ്പിനും മനുഷ്യക്കടത്തിനും ഇരയായി കുടുങ്ങിയ മൂന്നു മലയാളികൾ കൂടി നാട്ടിൽ തിരിച്ചെത്തി. ഇന്ത്യൻ വ്യോമസേനാ വിമാനത്തിൽ തായ്‌ലന്റിൽ നിന്നും ഡൽഹിയിലെത്തിച്ച ആലപ്പുഴ തൃശ്ശൂർ സ്വദേശികളായ മൂവരേയും നോർക്ക റൂട്ട്സ് വഴിയാണ് ഇൻഡിഗോ വിമാനത്തിൽ വൈകിട്ട് 4.40 ഓടെ കൊച്ചിയിലെത്തിച്ചത്. മലയാളികളായ എട്ട് പേരെ ഡൽഹിയിൽ നിന്നും കഴിഞ്ഞ ദിവസം വിമാനമാർഗ്ഗം നാട്ടിലെത്തിച്ചിരുന്നു. ഇതടക്കം ആകെ 11 മലയാളികളെയാണ് നോർക്ക റൂട്ട്സ് ഇടപെട്ട് നാട്ടിലെത്തിച്ചത്.

വ്യാജ റിക്രൂട്ട്മെന്റ് ഏജന്റുമാർ വഴി ഗോൾഡൻ ട്രയാംഗിൾ എന്നറിയപ്പെടുന്ന മേഖലയിൽ ഉൾപ്പെടെ വ്യാജ കോൾ സെന്ററുകളിൽ സൈബർ കുറ്റകൃത്യങ്ങൾ (സ്കാമിങ്ങ്) ഉൾപ്പെടെ ചെയ്യാൻ നിർബന്ധിതരായി കുടുങ്ങിയവരാണ് തിരിച്ചെത്തിയവർ. മ്യാൻമാർ, തായ്‌ലാന്റ് ഇന്ത്യൻ സ്ഥാനപതികാര്യാലയങ്ങൾ പ്രാദേശിക സർക്കാരുകളുമായി സഹകരിച്ച് നടത്തിയ ഇടപെടലുകളാണ് 549 ഇന്ത്യാക്കാരുടെ മോചനത്തിന് സഹായിച്ചത്. രക്ഷപ്പെടുത്തിയ ഇന്ത്യൻപൗരന്മാരെ തായ്‌ലാൻഡിലെ മെയ് സോട്ട് നഗരത്തിലെത്തിക്കുകയും പിന്നീട് ഇന്ത്യൻ വ്യോമസേനാ വിമാനത്തിൽ ഡൽഹിയിലെത്തിക്കുകയുമായിരുന്നു. വിദേശത്തേയ്ക്കുള്ള അനധികൃത റിക്രൂട്ട്മെന്റ്, വീസ തട്ടിപ്പ്, മനുഷ്യക്കടത്ത് എന്നിവക്കെതിരെ നോർക്ക ഓപ്പറേഷൻ ശുഭയാത്രയിലൂടെ പരാതിപ്പെടാവുന്നതാണ്. കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിലെ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസ്, കേരളാ പോലീസ്, നോർക്ക റൂട്ട്സ്, എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്. spnri.pol@kerala.gov.in, dyspnri.pol@kerala.gov.in എന്നീ ഇമെയിലുകൾ വഴിയും, 04712721547 എന്ന ഹെൽപ്ലൈൻ നമ്പറിലും പരാതികൾ അറിയിക്കാം.

പഠനത്തിനോ ഉദ്യോഗത്തിനോ വിദേശരാജ്യത്തേയ്ക്ക് പോകുന്നവരോ പോകാൻ താൽപ്പര്യപ്പെടുന്നവരോ ആണെങ്കിൽ അംഗീകാരമുള്ള ഏജൻസികൾ വഴിയോ നിയമപരമായോ മാത്രമേ ഇത്തരം യാത്രകൾ ചെയ്യാവൂ. വിദേശകാര്യ മന്ത്രാലയത്തിന്റെ ഇമൈഗ്രേറ്റ് വെബ്പോർട്ടൽ (www.emigrate.gov.in) മുഖേന റിക്രൂട്ട്മെന്റ് ഏജൻസിക്ക് ലൈസൻസുണ്ടോ എന്ന് പരിശോധിക്കാവുന്നതാണ്.

## ഉന്നത വിദ്യാഭ്യാസത്തിനും ഗവേഷണത്തിനുമുള്ള മികച്ച സൗകര്യങ്ങളും എയിംസിൽ രാഷ്ട്രപതി ദ്രൗപദി മുർമു



**ന്യൂദൽഹി:** പൗരന്മാർക്ക് എയിംസ് എന്നാൽ ഏറ്റവും മികച്ചതും താങ്ങാനാകുന്നതുമായ ചികിത്സാ സൗകര്യങ്ങളും വിദ്യാർത്ഥികൾക്ക് എയിംസ് എന്നാൽ ഉന്നത വിദ്യാഭ്യാസത്തിനും ഗവേഷണത്തിനുമുള്ള മികച്ച സൗകര്യങ്ങളും ആണെന്നു ചടങ്ങിൽ സംസാരിച്ച രാഷ്ട്രപതി പറഞ്ഞു. കുറഞ്ഞ ചെലവിൽ മികച്ച ത്രിതല ആരോഗ്യ സംരക്ഷണം നൽകുന്നതിനും വൈദ്യശാസ്ത്ര മേഖലയിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനുമായി രാജ്യത്ത് നിരവധി എയിംസുകൾ സ്ഥാപിച്ചിട്ടുണ്ട്.

എയിംസ് പോലുള്ള അഭിമാനകരമായ സ്ഥാപനങ്ങൾ ചികിത്സയ്ക്കൊപ്പം ഗവേഷണത്തിലും നവീകരണത്തിലും മുൻപന്തിയിൽ നിൽക്കണമെന്ന് രാഷ്ട്രപതി പറഞ്ഞു. 750 കിടക്കകളുള്ള ഭട്ടിൻഡയിലെ എയിംസ് നിരവധി സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ വഴി ഈ പ്രദേശത്തെ ജനങ്ങൾക്കു പൂർണ്ണ ആരോഗ്യ സംരക്ഷണം നൽകുന്നുണ്ടെന്ന് അറിഞ്ഞതിൽ സന്തോഷമുണ്ടെന്ന് അവർ പറഞ്ഞു.

നമ്മുടെ സമൂഹത്തിൽ ഡോക്ടർമാർക്ക് വളരെ ഉയർന്ന സ്ഥാനമാണ് നൽകിയിട്ടുള്ളത്. പ്രൊഫഷണൽ കഴിവിനൊപ്പം അനുകമ്പ, ദയ, സഹാനുഭൂതി തുടങ്ങിയ മാനുഷിക ഗുണങ്ങളും ഒരു ഡോക്ടർക്ക് ഉണ്ടായിരിക്കണമെന്ന് പ്രതീക്ഷിക്കുന്നു. ഈ ധാർമ്മിക ഉത്തരവാദിത്തം മനസിലാക്കി അതിനനുസരിച്ചു പ്രവർത്തിക്കാൻ അവർ ഡോക്ടർമാരെ ഉപദേശിച്ചു. ഒരു മെഡിക്കൽ പ്രൊഫഷണൽ എന്ന നിലയിൽ പലപ്പോഴും അവർ വളരെ വെല്ലുവിളികൾ നിറഞ്ഞ സാഹചര്യങ്ങളിലൂടെ കടന്നുപോകേണ്ടി വരുമെന്ന് അവർ പറഞ്ഞു. ആ വെല്ലുവിളികളെ നേരിടാൻ അവർക്കു വികാരങ്ങളെ നിയന്ത്രിക്കേണ്ടി വരും. ആരോഗ്യം സംരക്ഷിക്കാനും ശരിയായ ജീവിതശൈലി സ്വീകരിക്കാനും യോഗയും വ്യായാമവും ദിനചര്യയുടെ ഭാഗമാക്കാനും അവർ അവരെ ഉപദേശിച്ചു. ഈ നടപടികളെല്ലാം അവരെ മാനസികമായും ശാരീരികമായും ആരോഗ്യത്തോടെയും ഊർജ്ജസ്വലതയോടെയും നിൽക്കാൻ സഹായിക്കുമെന്ന് അവർ പറഞ്ഞു

## പ്രധാനമന്ത്രി സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജന 10 ലക്ഷം വീടുകളിൽ സൗരോർജ്ജ സംവിധാനം സ്ഥാപിച്ചു

**ന്യൂദൽഹി:** ലോകത്തിലെ ഏറ്റവും വലിയ ഗാർഹിക പുരപ്പുറ സൗരോർജ്ജ സംരംഭമായ പി എം സൂര്യ ഘർ: മുഫ്ത് ബിജ്‌ലി യോജന മാർച്ച് 10 വരെയുള്ള കണക്കുകൾ പ്രകാരം രാജ്യത്തുടനീളം 10.09 ലക്ഷം വീടുകളിൽ സ്ഥാപിച്ചു. 2024 ഫെബ്രുവരി 13 ന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ആരംഭിച്ച ഈ അഭിലാഷ പദ്ധതി, പുരപ്പുറ സൗരോർജ്ജ സംവിധാനങ്ങൾ വഴി ഒരുകോടി വീടുകളിൽ സൗജന്യ വൈദ്യുതി നൽകാനാണ് ലക്ഷ്യമിടുന്നത്. പരമ്പരാഗത വൈദ്യുതി സ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കാനും പൗരന്മാരെ ഊർജ്ജ ഉൽപ്പാദകരാക്കാനും പദ്ധതി വഴി ഉദ്ദേശിക്കുന്നു. 100 മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് തുല്യമായ കാർബൺ ബഹിർഗമനം കുറച്ചുകൊണ്ട് കാലാവസ്ഥാ വ്യതിയാന ലഘൂകരണത്തിന് സംഭാവന നൽകാൻ ഈ പദ്ധതി ഓരോ വീടിനെയും പ്രാപ്തമാക്കുന്നു.

നവീന, പുനരുപയോഗ ഊർജ്ജ മന്ത്രാലയംനടപ്പിലാക്കിയ പദ്ധതിക്ക് 47.3 ലക്ഷം അപേക്ഷകൾ ലഭിച്ചു. 6.13 ലക്ഷം ഗുണഭോക്താക്കൾക്ക് മൊത്തം 4,770 കോടി രൂപ വിജയകരമായി സബ്സിഡിയായി നൽകി. പൂർണ്ണമായും ഓട്ടോമേറ്റഡ് ആപ്ലിക്കേഷൻ വഴി

www.pmsuryaghar.gov.in വഴി വെണ്ടർമാരെ തിരഞ്ഞെടുക്കുകയും സബ്സിഡി കിഴിവ് തുക അപേക്ഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ 15 ദിവസത്തിനുള്ളിൽ കൈമാറ്റപ്പെടുകയും ചെയ്യുന്നു.കേരളത്തിലൊഴിച്ച് മറ്റു സംസ്ഥാനങ്ങളിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. ഗവൺമെന്റ് കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സൗരോർജ്ജ പദ്ധതി സ്ഥാപിക്കുന്ന ലക്ഷ്യത്തിന്റെ 100% ചണ്ഡീഗഢും ദാമൻ & ദിയുവും കൈവരിച്ചു എന്നത് ശ്രദ്ധേയമാണ്.രാജസ്ഥാൻ, മഹാരാഷ്ട്ര, ഗുജറാത്ത്, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നു.



# പച്ചമലയാളം കോഴ്സ് രജിസ്ട്രേഷൻ ആരംഭിച്ചു

**തിരുവനന്തപുരം:** കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടത്തുന്ന പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സ് രണ്ടാം ബാച്ചിന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. മലയാളം പഠിക്കാൻ അവസരം ലഭിക്കാത്തവർക്കും മലയാളത്തിൽ സാമാന്യ പരിജ്ഞാനം ആഗ്രഹിക്കുന്നവർക്കും സാക്ഷരതാമിഷൻ മലയാളം പഠിക്കാൻ അവസരം ഒരുക്കും. ഒരു വർഷം ദൈർഘ്യമുള്ള 'പച്ചമലയാളം' സർട്ടിഫിക്കറ്റ് കോഴ്സിൽ ഏപ്രിൽ 12 വരെ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾക്ക്: www.literacymissionkerala.org.

# ടെക്നിക്കൽ അസിസ്റ്റന്റ്: അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** കേരള നെറ്റ്വർക്ക് ഫോർ റിസർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യൂക്കേഷന്റെ തിരുവനന്തപുരം സർക്കാർ വനിതാ കോളേജിലെ യൂണിറ്റായ കോമൺ ഇൻസ്ട്രുമെന്റേഷൻ ആൻഡ് റിസർച്ച് ലബോറട്ടറിയിലും അതോടൊപ്പമുള്ള സെൻട്രൽ നെറ്റ്വർക്കിങ് റിസർച്ച് ഫെസിലിറ്റിയിലുമായി ടെക്നിക്കൽ അസിസ്റ്റന്റ് ഒഴിവുകളിൽ അപേക്ഷ ക്ഷണിച്ചു. 60 ശതമാനം മാർക്കോടെ കെമിസ്ട്രിയിലോ ഫിസിക്സിലോ ബിരുദാനന്തര ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. അനലിറ്റിക്കൽ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പരിചയമുള്ളവർക്ക് മുൻഗണന. ഉദ്യോഗാർഥികൾ കോളേജ് വെബ്സൈറ്റിൽ നൽകിയിരിക്കുന്ന ഓൺലൈൻ ലിങ്ക് വഴി മാർച്ച് 12 വൈകിട്ട് 5 നകം അപേക്ഷ സമർപ്പിക്കണം. ഷോർട്ട് ലിസ്റ്റ് ചെയ്യുന്നവരുടെ ഇന്റർവ്യൂ മാർച്ച് 14 ന് രാവിലെ 10 ന് നടക്കും. വിശദവിവരങ്ങൾക്ക്: https://gcwtvm.ac.in/vacancies/

# താൽപര്യപത്രം ക്ഷണിച്ചു

**തിരുവനന്തപുരം:** സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം കനകക്കുന്ന് പാലസിൽ ഏപ്രിൽ 21 മുതൽ 30 വരെ നടക്കുന്ന സഹകരണ എക്സ്പോ2025 (മൂന്നാം എഡിഷൻ) നു ആവശ്യമായ ബുക്കുകൾ, വിവിധ പോസ്റ്ററുകൾ, വീഡിയോ റീലുകൾ, തുടങ്ങിയവ തയ്യാറാക്കുക, പ്രിന്റിംഗ്, ഡിസൈൻ, ഡോക്യുമെന്റേഷൻ തുടങ്ങിയ പ്രവൃത്തികൾ ചെയ്യുക മുതലായ ജോലികൾക്ക് പബ്ലിക് റിലേഷൻസ് വകുപ്പ് എംപാനൽ ചെയ്തിട്ടുള്ള ഏജൻസികളിൽ നിന്നും താല്പര്യപത്രം ക്ഷണിച്ചു. താല്പര്യമുള്ള ഏജൻസികൾ മാർച്ച് 19 നു രാവിലെ 11.30 മണിക്ക് തിരുവനന്തപുരം ജഗതി, ഡി.പി.ഐ.ജംഗ്ഷനിലുള്ള ജവഹർ സഹകരണ ഭവനിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 04712330825, 9495656355. വെബ്സൈറ്റ്: cooperation.kerala.gov.in.

# പ്രയുക്തി തൊഴിൽമേള മാർച്ച് 15ന്

**ആലപ്പുഴ:** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എംപ്ലോയബിലിറ്റി സെന്ററും നാഷണൽ കരിയർ സർവീസും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രയുക്തി മിനി തൊഴിൽമേള മാർച്ച് 15 ന് ശനിയാഴ്ച രാവിലെ ഒൻപത് മണിക്ക് ചേർത്തല ഗവ. പോളിടെക്നിക് കോളേജിൽ കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്യും.

15 ലധികം തൊഴിൽദായകർ പങ്കെടുക്കുന്ന മേളയിൽ ആയിരത്തിൽപ്പരം ഒഴിവുകളുണ്ട്. എസ്എസ്എൽസി, പ്ലസ് ടു, ഡിപ്ലോമ, ഐടിഐ, ബിരുദം, ബിരുദാനന്തരബിരുദം, പാരാമെഡിക്കൽ എന്നീ വിദ്യാഭ്യാസ യോഗ്യതയുള്ള 18നും 40നും ഇടയിൽ പ്രായമുളളവർക്ക് പങ്കെടുക്കാം. പ്രവൃത്തിപരിചയമില്ലാത്തവർക്കും മേളയിൽ അവസരമുണ്ടാകും. ncs.gov.in എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാം. ബയോഡാറ്റയുടെ അഞ്ച് പകർപ്പുകൾ, അസ്സൽ സർട്ടിഫിക്കറ്റുകൾ, എൻ.സി.എസ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത ഐ.ഡി കാർഡ് എന്നിവ സഹിതം 15 ന് രാവിലെ 8.30 ന് ഹാജരാകണം. സ്പോട്ട് രജിസ്ട്രേഷനുള്ള സൗകര്യവുമുണ്ടാകും. ഫോൺ: 0477 2230624, 8304057735.

# ഹരിത കേരളം മിഷന്റെ പരിശോധന കർശനമാക്കും

**കണ്ണൂർ:** സമ്പൂർണ മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി ശുചിത്വ ടൗണുകളായും ഹരിത ഇടങ്ങളായും പ്രഖ്യാപിച്ച സ്ഥലങ്ങളിൽ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥ സംഘം പരിശോധന ആരംഭിച്ചു. ഹരിത കേരളം മിഷൻ ജില്ലാ കോ ഓർഡിനേറ്റർ ഇ.കെ സോമശേഖരൻ, ശുചിത്വ മിഷൻ ജില്ലാ കോ ഓർഡിനേറ്റർ കെ.എം സുനിൽകുമാർ, തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ടി.വി സുഭാഷ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന. ജില്ലയിലെ മുഴുവൻ കച്ചവട സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണത്തിന് കുട്ടകൾ സ്ഥാപിക്കണമെന്ന് ഉദ്യോഗസ്ഥർ നിർദേശം നൽകി. വരും ദിവസങ്ങളിൽ കണ്ണൂരിന്റെ വിവിധ ഇടങ്ങളിൽ കൂടുതൽ സംഘങ്ങൾ പരിശോധന നടത്തുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ടി.ജെ അരുൺ പറഞ്ഞു. ജനങ്ങളിൽ മാലിന്യ സംസ്കരണത്തിന്റെ അവബോധം ഉണ്ടാക്കിയെടുക്കുക, കച്ചവട സ്ഥാപനങ്ങളിൽ കുട്ടകൾ സ്ഥാപിക്കുക, കഴിഞ്ഞ ആറുമാസക്കാലയാളവിൽ ഉണ്ടായ മാറ്റങ്ങൾ വിലയിരുത്തുക എന്നിവയാണ് പരിശോധനയുടെ ലക്ഷ്യങ്ങൾ. പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ കൂടി ശേഖരിച്ചാണ് പരിശോധന നടക്കുന്നത്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പരാതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

# ഖാദി ഫെസ്റ്റ് 2025 ന് തുടക്കം

**കൊച്ചി:** ഖാദി മേഖലയുടെ സമഗ്ര വികസനം സാധ്യമാക്കണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ പറഞ്ഞു. എറണാകുളം ജില്ലാ പഞ്ചായത്ത് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ സഹകരണത്തോടെ കളക്ടറേറ്റ് ഗ്രൗണ്ടിൽ സംഘടിപ്പിച്ചിരിക്കുന്ന 'ഖാദി ഫെസ്റ്റ് 2025' ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഖാദി മേഖലയിൽ തൊഴിലാളികൾക്ക് അർഹമായ വേതനം ഉറപ്പാക്കേണ്ടതുണ്ട്. വിൽപ്പന വർദ്ധനവിലൂടെ മാത്രമെ അത് സാധ്യമാവുകയുള്ളൂ. ആധുനികവൽക്കരണവും അടിസ്ഥാന സൗകര്യ വികസനവും ആവശ്യമാണ്. കക്ഷി രാഷ്ട്രീയ വ്യത്യാസം ഇല്ലാതെ ഈ രംഗത്തിന്റെ പുനരുജ്ജീവന പ്രവർത്തനങ്ങൽക്കായി ഒരുമിച്ച് പ്രവർത്തിക്കണം. അതിനായി ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും പരിധിയില്ലാത്ത പിന്തുണ ഉണ്ടാകും. 300 തൊഴിലാളികളാണ് ഇപ്പോൾ 28 യൂണിറ്റുകളിലായുള്ളത്. ഖാദി മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് ജില്ലാ പഞ്ചായത്ത് സഹായം നൽകി വരികയാണെന്നും അദ്ദേഹം പറഞ്ഞു.

പൊതു സമൂഹത്തിന്റെ പിന്തുണ ആവശ്യമുള്ള പരമ്പരാഗത മേഖലയാണ് ഖാദി എന്നും സർക്കാർ ജീവനക്കാർ ആഴ്ചയിൽ ഒരിക്കൽ ഖാദി ധരിക്കാൻ ശ്രദ്ധിക്കണമെന്നും ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് പറഞ്ഞു. പരമാവധി പേർ ഫെസ്റ്റിൽ പങ്കെടുത്ത് ഉൽപ്പന്നങ്ങൾ വാങ്ങണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

ഖാദിയുടെ പ്രചാരവും വിപണനവും കൂട്ടി ഖാദി തൊഴിലാളികളുടെ വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി എറണാകുളം ജില്ലാ പഞ്ചായത്ത് 2024-2025 വാർഷിക പദ്ധതിയിൽ ഏറ്റെടുത്തിട്ടുളള വിവിധ പദ്ധതികളുടെ ഭാഗമായാണ് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ സഹകരണത്തോടെ ഖാദി ഫെസ്റ്റ് സംഘടിപ്പിച്ചിരിക്കുന്നത്. അഞ്ചു ദിവസം നീണ്ടുനിൽക്കുന്ന മേള മാർച്ച് 15 ന് അവസാനിക്കും. ഫെസ്റ്റിൽ ഖാദി തുണിത്തരങ്ങളുടെ പ്രദർശനവും വിപണനവും, ഖാദി യന്ത്രങ്ങളുടെ പ്രദർശനവും ഒരുക്കിയിട്ടുണ്ട്. തുണിത്തരങ്ങൾക്ക് 30 ശതമാനം റിബേറ്റും ഉണ്ട്. ഉദ്ഘാടന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. എൽസി ജോർജ്ജ് അധ്യക്ഷയായി. അലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രമ്യ തോമസ്, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ സനിതാ റഹിം, കെ.ജി ഡോണോ മാസ്റ്റർ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ലിസി അലക്സ്, ഷൈനി ജോർജ്ജ്, ഷൈമി വർഗീസ്, കെ.വി രവീന്ദ്രൻ, അഡ്വ. എം.ബി ഷൈനി ജില്ലാ പഞ്ചായത്ത് സെക്രട്ടറി പി.എം ഷഫീഖ്, അലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം.ആർ രാധാകൃഷ്ണൻ, ഖാദി ഗ്രാമവസായ ബോർഡ് ജില്ലാ പ്രോജക്ട് ഓഫീസർ എസ്.ഷിഹാബുദ്ദീൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, തൊഴിലാളികൾ തുടങ്ങിയവർ പങ്കെടുത്തു.

ഖാദി ഫെസ്റ്റിനോടനുബന്ധിച്ച് ജില്ലയിലെ ഖാദി തൊഴിലാളികളുടെ സംഗമവും മികച്ച ഖാദി യൂണിറ്റുകൾക്കും, മികച്ച തൊഴിലാളികൾക്കുമുള്ള അവാർഡ് വിതരണവും മാർച്ച് 14 വെള്ളിയാഴ്ച 2.30 ന് ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ നടക്കും.

# ആറ്റുകാൽ പൊങ്കാല: ഹീറ്റ് ക്ലിനിക്കുകൾ ഉൾപ്പെടെ വിപുലമായ സേവനങ്ങൾ പ്രത്യേക മെഡിക്കൽ ടീമുകൾ, പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ

**തിരുവനന്തപുരം:** ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് ആരോഗ്യ വകുപ്പ് വിപുലമായ ആരോഗ്യ സേവനങ്ങൾ സജ്ജമാക്കി വരുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സുസജ്ജമായ മെഡിക്കൽ ടീമുകൾക്ക് പുറമേ ഉയർന്ന ചൂട് കാരണം ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് മതിയായ പരിചരണവും ചികിത്സയും നൽകാനായി തെരഞ്ഞെടുത്ത നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും പ്രധാന ആശുപത്രികളിലും ഹീറ്റ് ക്ലിനിക്കുകൾ ആരംഭിച്ചു വരുന്നു. സൂര്യാതപം പോലുള്ള പ്രശ്നങ്ങൾ ബാധിക്കുന്നവരെ പരിചരിക്കുന്നതിനായി കൂളർ, ഫാൻ, കമ്പിളി, ഐസ് പായ്ക്ക്, ഐവി ഫ്ളൂയിഡ്, ഒആർഎസ്, ക്രീമുകൾ എന്നിവ ഈ ക്ലിനിക്കുകളിലുണ്ടാകും. ഉയർന്ന ചൂട് കാരണം ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നവർ ഈ ക്ലിനിക്കുകളുടെ സേവനം തേടേണ്ടതാണെന്നും മന്ത്രി അഭ്യർത്ഥിച്ചു.

കുട്ടികൾ, പ്രായമായവർ തുടങ്ങി പതിനായിരക്കണക്കിന് സ്ത്രീകൾ പൊങ്കാലയ്ക്കെത്തുന്നതിനാൽ വിപുലമായ ക്രമീകരണങ്ങളാണ് ആരോഗ്യ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളത്. പൊങ്കാല ദിവസം ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ അടങ്ങിയ 10 മെഡിക്കൽ ടീമുകളെ ആംബുലൻസ് ഉൾപ്പെടെ വിവിധ ഭാഗങ്ങളിൽ നിയോഗിക്കും. ഡോക്ടമാരും സ്റ്റാഫ് നഴ്സുമാരുമടങ്ങിയ ഈ ടീമിൽ ജൂനിയൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനവും ഉറപ്പാക്കിയിട്ടുണ്ട്. ഉത്സവത്തോടനുബന്ധിച്ച് മാർച്ച് 5 മുതൽ 14 വരെ ഒരു മെഡിക്കൽ ടീമിനെ ആംബുലൻസ് ഉൾപ്പെടെ സജ്ജമാക്കിയിരുന്നു. ഇത് കൂടാതെ കഴിഞ്ഞ ദിവസം മുതൽ മാർച്ച് 14 വരെ മറ്റൊരു മെഡിക്കൽ ടീമിനെ കൂടി ആംബുലൻസ് ഉൾപ്പെടെ പ്രത്യേകമായി സജ്ജമാക്കിയിട്ടുണ്ട്. കുത്തിയോട്ടത്തിന് വ്രതം അനുഷ്ഠിക്കുന്ന കുട്ടികൾക്ക് ആവശ്യമായ വൈദ്യസഹായത്തിന് ശിശുരോഗ വിദഗ്ദ്ധർ ഉൾപ്പെടെയുള്ള മെഡിക്കൽ ടീമും 24 മണിക്കൂറും പ്രവർത്തിച്ചു വരുന്നു.



ഇതുകൂടാതെ ഐഎംഎയുടെ മെഡിക്കൽ ടീമുകളും മറ്റ് വിഭാഗങ്ങളുടെ മെഡിക്കൽ ടീമുകളും വിവിധ സ്ഥലങ്ങളിൽ വൈദ്യ സഹായം നൽകും. തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം പ്രവർത്തനങ്ങൾ ഏകോപിക്കും.

നഗര പരിധിയിലുള്ള അർബൻ ഹെൽത്ത് സെന്ററുകൾ പ്രാഥമിക ശുശ്രൂഷകൾ നൽകുന്ന ഫീൽഡ് ഹോസ്പിറ്റലുകളായി പ്രവർത്തിക്കും. പൊള്ളലേൽക്കുന്നവർക്ക് ഉൾപ്പെടെ വിദഗ്ധ ചികിത്സ ഉറപ്പാക്കാനായി തിരുവനന്തപുരം മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, ഫോർട്ട് താലൂക്ക് ആശുപത്രി, ഐരാണിമുട്ടം സാമൂഹികാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ ഏറ്റവും കുറഞ്ഞത് 10 കിടക്കകൾ പ്രത്യേകമായി മാറ്റിവയ്ക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ഏത് അടിയന്തിര സാഹചര്യവും നേരിടുന്ന സെന്ററായി തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രവർത്തിക്കും. ഇത് കൂടാതെ നഗരത്തിലെ പ്രധാന സ്വകാര്യ ആശുപത്രികളിലും പ്രത്യേക കിടക്കകളും അത്യാഹിത ചികിത്സ നൽകാൻ ആംബുലൻസ് ഉൾപ്പെടെയുള്ള സജ്ജീകരണങ്ങളും ക്രമീകരിക്കാൻ നിർദേശം നൽകി.

കനിവ് 108ന്റെ 11 ആംബുലൻസുകൾ, ബൈക്ക് ഫസ്റ്റ് റസ്പോണ്ടർ, ഐസിയു ആംബുലൻസ്, മറ്റ് വകുപ്പുകളുടെ 10 ആംബുലൻസുകൾ, സ്വകാര്യ ആശുപത്രികളുടെ ആംബുലൻസുകൾ എന്നിവ സജ്ജമാക്കിയിട്ടുണ്ട്.

ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കൺട്രോൾ റൂം, പ്രത്യേക സ്ക്വാഡുകൾ എന്നിവയും പ്രവർത്തിച്ചു വരുന്നു. അന്നദാനം നടത്തുന്നവർക്കുൾപ്പെടെ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ രജിസ്ട്രേഷൻ നിർബന്ധമാണ്. ആറ്റുകാൽ ദേവീ ആഡിറ്റോറിയത്തിന് സമിപമുള്ള ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കൺട്രോൾ റൂമിൽ അന്നദാനം നടത്തുന്നവർക്കുള്ള ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും. ക്ഷേത്ര പരിസരത്ത് സഞ്ചരിക്കുന്ന ഭക്ഷ്യ സുരക്ഷ ലാബിന്റെ പ്രവർത്തനവും ഒരുക്കിയിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിൽ ഭക്ഷ്യ സുരക്ഷാ പരിശോധനകൾ ശക്തമാക്കി. ഇതുവരെ 1005 ഭക്ഷ്യ സുരക്ഷാ പരിശോധനകൾ നടത്തിയിട്ടുണ്ട്. ഫെബ്രുവരി മാസം മുതൽ സ്പെഷ്യൽ സ്ക്വാഡിനെ നിയോഗിച്ചിരുന്നു. ഉത്സവത്തോടനുബന്ധിച്ച് സമീപ ജില്ലകളിലെ ഭക്ഷ്യ സുരക്ഷാ ഓഫീസർമാരെ കൂടി ഉൾപ്പെടുത്തി സ്ക്വാഡ് വിപുലീകരിച്ചു.

# ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശങ്ങൾ ക്ഷണിച്ചു

**തിരുവനന്തപുരം:** ഇ.ആർ.ഒ, ഡി.ഇ.ഒ അല്ലെങ്കിൽ സി.ഇ.ഒ തലങ്ങളിൽ പരിഹരിക്കപ്പെടാത്ത വിഷയങ്ങളിൽ ഏപ്രിൽ 30നകം എല്ലാ ദേശീയ, സംസ്ഥാന രാഷ്ട്രീയ പാർട്ടികളും നിർദ്ദേശങ്ങൾ നൽകണമെന്ന് ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഇന്ന് രാഷ്ട്രീയ പാർട്ടികൾക്ക് അയച്ച വ്യക്തിഗത കത്തിൽ, സ്ഥാപിത നിയമത്തിന് അനുസൃതമായി തിരഞ്ഞെടുപ്പ് പ്രക്രിയകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്, പരസ്പരം സൗകര്യപ്രദമായ സമയത്ത് പാർട്ടി പ്രസിഡന്റുമാരുമായും പാർട്ടിയിലെ മുതിർന്ന അംഗങ്ങളുമായും ആശയവിനിമയം നടത്താനും കമ്മീഷൻ താല്പര്യപ്പെടുന്നു.

മുൻ ആഴ്ച നടന്ന ഇലക്ഷൻ കമ്മീഷൻ വിളിച്ചുചേർത്ത സമ്മേളനത്തിൽ, എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും സിഇഒമാർ, ഡിഇഒമാർ, ഇആർഒമാർ എന്നിവർ രാഷ്ട്രീയ പാർട്ടികളുമായി പതിവായി ആശയവിനിമയം നടത്തണമെന്നും, അത്തരം മീറ്റിംഗുകളിൽ ലഭിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി നിയമപരമായ ചട്ടക്കൂടിനുള്ളിൽ പരിഹരിക്കണമെന്നും, 2025 മാർച്ച് 31നകം കമ്മീഷന് നടപടി റിപ്പോർട്ട് സമർപ്പിക്കണമെന്നും ചീഫ് ഇലക്ഷൻ കമ്മീഷണർ ശ്രീ ഗ്യാനേഷ് കുമാർ നിർദ്ദേശിച്ചിരുന്നു. വികേന്ദ്രീകൃത ഇടപെടലിന്റെ ഈ സംവിധാനം ഫലപ്രദമായി ഉപയോഗിക്കാനും കമ്മീഷൻ രാഷ്ട്രീയ പാർട്ടികളോട് അഭ്യർത്ഥിച്ചു.

ഭരണഘടനയും തിരഞ്ഞെടുപ്പ് പ്രക്രിയകളുടെ എല്ലാ വശങ്ങളും ഉൾക്കൊള്ളുന്ന നിയമപരമായ ചട്ടക്കൂടും അനുസരിച്ച് കമ്മീഷൻ തിരിച്ചറിഞ്ഞ 28 പങ്കാളികളിൽ രാഷ്ട്രീയ പാർട്ടികളും പ്രധാന പങ്കാളികളാണ്. 1950 & 1951 ലെ ജനപ്രാതിനിധ്യ നിയമം; 1960 ലെ വോട്ടർമാരുടെ രജിസ്ട്രേഷൻ നിയമങ്ങൾ; 1961 ലെ തിരഞ്ഞെടുപ്പ് ചട്ടങ്ങളുടെ നടത്തിപ്പ്; സുപ്രീം കോടതിയുടെ ഉത്തരവുകൾ, നിർദ്ദേശങ്ങൾ, ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാനുവലുകൾ, കൈപ്പുസ്തകങ്ങൾ (ഇസിഐ വെബ്സൈറ്റിൽ ലഭ്യമാണ്) എന്നിവ സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പുകൾ നടത്തുന്നതിന് വികേന്ദ്രീകൃതവും ശക്തവും സുതാര്യവുമായ ഒരു നിയമ ചട്ടക്കൂട് സ്ഥാപിതമായിട്ടുണ്ടെന്ന് എന്നും കമ്മീഷൻ രാഷ്ട്രീയ പാർട്ടികൾക്കുള്ള കത്തിൽ ചൂണ്ടിക്കാട്ടി.

# വാക്ക് ഇൻ ഇന്റർവ്യൂ

**കൊച്ചി:** കൊച്ചിൻ സയൻസ് ആൻഡ് ടെക്നോളജി സർവകലാശാലയിലെ (കുസാറ്റ്) പോളിമർ സയൻസ് & റബ്ബർ ടെക്നോളജി വകുപ്പിൽ പോസ്റ്റ്ഡോക്ടറൽ ഫെലോ, പ്രോജക്ട് ഫെലോ എന്നീ തസ്തികകളിലേക്ക് മാർച്ച് 14 ന് വാക്ക്ഇൻ ഇന്റർവ്യൂ നടത്തും. പോസ്റ്റ്ഡോക്ടറൽ ഫെലോ അപേക്ഷകൻ കെമിസ്ട്രി/പോളിമർ കെമിസ്ട്രിയിൽ പിഎച്ച്ഡിയും പോളിമർ കോമ്പോസിറ്റുകളിൽ പ്രവൃത്തിപരിചയവും ഉണ്ടായിരിക്കണം.

കെഎസ്‌സിഎസ്ടിഇ ധനസഹായത്തോടെ നടക്കുന്ന ഇക്കോളജി ആൻഡ് എൻവയോൺമെന്റ് പ്രോഗ്രാമിലേക്കാണ് പ്രോജക്ട് ഫെലോയെ നിയമിക്കുന്നത്. അപേക്ഷിക്കുന്നവർ എംടെക് (പോളിമർ/കെമിക്കൽ എഞ്ചിനീയറിംഗ്) അല്ലെങ്കിൽ എംഎസ്‌സി (പോളിമർ/കെമിസ്ട്രി/കെമിസ്ട്രി) എന്നിവയിൽ ഒന്നാം ക്ലാസ് ബിരുദം നേടിയവരായിരിക്കണം. ബയോമെഡിക്കൽ ആപ്ലിക്കേഷനുകൾക്കായി പോളിമെറിക് മെറ്റീരിയലുകളുടെ സിന്തസിസിലും നിർമ്മാണത്തിലും പരിചയം അഭികാമ്യം. ഉദ്യോഗാർത്ഥികൾ സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ പകർപ്പുകൾ സഹിതം രാവിലെ 9.50 ന് മുമ്പ് വകുപ്പ് മേധാവിയുടെ ഓഫീസിൽ റിപ്പോർട്ട് ചെയ്യണം.

## സ്തനാർബുദം:
## സൗജന്യ ഹെൽപ്പ്ലൈൻ പദ്ധതിയുമായി റോട്ടറി




**കൊച്ചി:** സ്തനാർബുദം ക്രമാതീതമായി വർധിച്ചു വരുന്നത് തടയാൻ ' ഒപ്പം ' സൗജന്യ ഫോൺ ഹെൽപ്പ്ലൈൻ പദ്ധതിയുമായി റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ഹാർബർ. കോലഞ്ചേരി മെഡിക്കൽ കോളജ്, ബട്ടർഫ്ളൈ ക്യാൻസർ ഫൗണ്ടേഷൻ എന്നിവരുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. രോഗനിർണയം വൈകുന്നത് മൂലമാണ് സ്തനാർബുദം ഗുരുതരമാകുന്നതെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് ഫോൺ ഹെൽപ്ലൈൻ പദ്ധതി ആവിഷ്കരിച്ചതെന്ന് റോട്ടറി ഭാരവാഹികൾ പറഞ്ഞു. എന്തെങ്കിലും ലക്ഷണങ്ങൾ കണ്ടാൽ 9544954422 എന്ന ഫോൺ നമ്പറിൽ വിളിച്ചാൽ ആവശ്യമായ നിർദേശങ്ങളും സഹായവുമെത്തും.പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിൽ ഡോ. അജു മാത്യു, റോട്ടറി ഡിസ്ട്രിക്റ്റ് 3201 ഗവർണർ സുന്ദരവടിവേലു, റോട്ടറി കൊച്ചിൻ ഹാർബർ പ്രസിഡന്റ് അജു ജേക്കബ് ജോർജ്, ഡോ.കരിഷ്മ പിള്ള (കോലഞ്ചേരി മെഡിക്കൽ കോളേജ്) , ഡോ. ഗിരീഷ് (ബട്ടർഫ്ളൈ ക്യാൻസർ ഫൗണ്ടേഷൻ), റോട്ടറി കൊച്ചിൻ ഹാർബർ സെക്രട്ടറി ബ്ലെസ് കെ ജോസ് എന്നിവർ പങ്കെടുത്തു.



# സ്വകാര്യ ഭൂമി ഏറ്റെടുക്കില്ല; വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിന് ഭൂമി കണ്ടെത്തുക കടൽ നികത്തി

**തിരുവനന്തപുരം:** വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനത്തിനായി ഭൂമി കണ്ടെത്തുന്നതു കടൽ നികത്തിയായിരിക്കുമെന്നു തുറമുഖ കമ്പനി അറിയിച്ചു. സ്വകാര്യ ഭൂമി ഏറ്റെടുക്കില്ല. വികസനത്തിന്റെ ഭാഗമായി കണ്ടെയ്നർ ടെർമിനൽ 1,200 മീറ്റർ കൂടി ദീർഘിപ്പിച്ച് ആകെ 2000 മീറ്റർ ആക്കും. ഇതിന്റെ ഭാഗമായി, 30 ലക്ഷം ടിഇയു വരെ വാർഷിക ശേഷിയുള്ള കണ്ടെയ്നർ യാർഡ് നിർമിക്കാൻ ആവശ്യമായ 77.17 ഹെക്ടർ ഭൂമിയാണ് ഡ്രെജിങ്ങിലൂടെ കടൽ നികത്തി കണ്ടത്തുക. ആദ്യഘട്ടത്തിൽ തുറമുഖ നിർമാണത്തിനായി 63 ഹെക്ടർ ഭൂമി കടൽ നികത്തി വികസിപ്പിച്ചിരുന്നു.വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടും മൂന്നും ഘട്ടങ്ങൾക്കു പാരിസ്ഥിതിക അനുമതി ലഭിച്ചതായി മന്ത്രി അറിയിച്ചിരുന്നു. രണ്ടും മൂന്നും ഘട്ട വികസനത്തിന്റെ ഭാഗമായി കണ്ടെയ്നർ ടെർമിനൽ 1,200 മീറ്റർ നീളത്തിലേക്ക് വിപുലീകരിക്കും. ബ്രേക്ക് വാട്ടറിന്റെ നീളം 900 മീറ്റർ കൂടി വർധിപ്പിക്കും. 2028ൽ ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും കൂടുതൽ സ്ഥാപിത ശേഷിയുള്ള കണ്ടെയ്നർ ടെർമിനൽ ആയി വിഴിഞ്ഞം രാജ്യാന്തര തുറമുഖം മാറുമെന്നും മന്ത്രി പറഞ്ഞു. തുറമുഖത്തിന്റെ രണ്ടും മൂന്നും നാലും ഘട്ടങ്ങളുടെ വികസനത്തിനായി 10,000 കോടി രൂപയുടെ ചെലവാണു പ്രതീക്ഷിക്കുന്നത്.



# ചെങ്കോട്ട കൊല്ലം റൂട്ടിൽ ആദ്യമായി ട്രെയിനുകളിൽ കൂടുതൽ ശക്തിയുള്ള ഇലക്ട്രിക് എൻജിനുകൾ

**പുനലൂർ:** ഗേജ് മാറ്റവും സമ്പൂർണ വൈദ്യുതീകരണവും പൂർത്തിയാക്കിയ കൊല്ലം -ചെന്നൈ പാതയിലെ ചെങ്കോട്ട കൊല്ലം റൂട്ടിൽ ആദ്യമായി ട്രെയിനുകളിൽ കൂടുതൽ ശക്തിയുള്ള ഇലക്ട്രിക് എൻജിനുകൾ ഘടിപ്പിച്ച് സർവീസ് തുടങ്ങി. കഴിഞ്ഞദിവസം കൊല്ലത്ത് നിന്നും ആരംഭിച്ച കൊല്ലം -ചെന്നൈ -എഗ്മൂർ എക്സ്പ്രസിലാണ് ഡബ്ല്യൂ എപി 7 ശ്രേണിയിലെ എൻജിനുകൾ ഘടിപ്പിച്ചത്. 7000 എച്ച്പി ആണ് ഈ എൻജിന്റെ ശേഷി. ഡബ്ല്യൂഎപി 4 എന്ന എൻജിനുകൾ ആയിരുന്നു ഗാട്ട് സെക്ഷനിൽ ഉപയോഗത്തിൽ ഉണ്ടായിരുന്നത്. ശക്തിയുള്ള എൻജിൻ എത്തിയതു മൂലം എൽഎച്ച്ബി (ലിങ്ക് ഹോഫ് മാൻ ബുഷ്) കോച്ചുകൾ ഉപയോഗിച്ചുള്ള ട്രെയിനുകളിൽ ലക്ഷക്കണക്കിന് രൂപയുടെ ഡീസൽ ലാഭവും റെയിൽവേയ്ക്ക് ഉണ്ടാകും.

നിലവിൽ എൽഎച്ച്ബി കോച്ചുകൾ ഘടിപ്പിച്ച ട്രെയിനുകൾക്ക് മുന്നിലും പിന്നിലും ജനറേറ്റർ കാർ ഉപയോഗിക്കുന്നുണ്ട്. ഇത് വൻതോതിൽ ഇന്ധന നഷ്ടമാണ് വരുത്തി വയ്ക്കുന്നത്.എൽഎച്ച്ബി കോച്ചുകൾക്ക് ജനറേറ്റർ കാർ ഉപയോഗിക്കാതെ ഹെഡ് ഓൺ ജനറേഷൻ എന്ന സംവിധാനത്തിലൂടെ എൻജിനിൽ നിന്നു തന്നെ വൈദ്യുതി കോച്ചുകളിലേക്ക് എത്തിക്കാൻ ഡബ്ല്യു എപി 7 എൻജിനുകൾ ഉപയോഗിച്ചാൽ സാധിക്കും. ഡബ്ലിയു എപി 4 എൻജിനുകൾക്ക് 4500 5000 എച്ച്പി ആണ് ഉള്ളതെങ്കിൽ, ഡബ്ലിയു എ പി 7 എൻജിനുകൾക്ക് 7000 എച്ച്പി ആണ് ഉള്ളത്.

ചെങ്കോട്ട മുതൽ പുനലൂർ വരെയുള്ള ഗാർഡ് സെക്ഷനിൽ ഓടുന്ന എൻജിനുകളിൽ ഓട്ടോമാറ്റിക് എമർജൻസി ബ്രേക്ക് എന്ന സംവിധാനം ഘടിപ്പിക്കണം എന്നത് റെയിൽവേ സുരക്ഷാ കമ്മിഷണറുടെ നിർദേശമാണ്. ഇത്തരത്തിലുള്ള എൻജിനുകൾ ആണ് ഈ പാതയിൽ ഇപ്പോൾ ഉപയോഗിച്ചു തുടങ്ങിയത്.




മലയാള സാഹിത്യത്തിലെ പ്രശസ്ത കവിയായ വൈലോപ്പിള്ളി ശ്രീധരമേനോന്റെ കവിത സിനിമയാകുന്നു.ജിയോ ബേബിയെ പ്രധാന കഥാപാത്രമാക്കി ഡോക്ടർ അഭിലാഷ് ബാബു തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന കൃഷ്ണാഷ്ടമിവേല book of dry leaves എന്ന ചിത്രത്തിന്റെ ടൈറ്റിൽ പോസ്റ്റർ റിലീസായി.വൈലോപ്പിള്ളിയുടെ 'കൃഷ്ണാഷ്ടമി' എന്ന കവിതയുടെ ആധുനികകാല സിനിമാറ്റിക് വായനയാണ് ഈ സിനിമ.ആലോകം, മായുന്നു, മാറിവരയുന്നു, നിശ്വാസങ്ങളിൽ‘ എന്നീ സ്വതന്ത്ര പരീക്ഷണ ചിത്രങ്ങൾക്ക് ശേഷം ഡോക്ടർ അഭിലാഷ് ബാബു ഒരുക്കുന്ന കൃഷ്ണാഷ്ടമി the book of dry leaves"എന്ന സിനിമയുടെ ഫസ്റ്റ് ലുക് പോസ്റ്റർ പുറത്തിറങ്ങി. വൈലോപ്പിള്ളി ശ്രീധരമേനോൻ, അഭിലാഷ് ബാബു എന്നിവരുടെ വരികൾക്ക് ഔസേപ്പച്ചൻ സംഗീത സംവിധാനം നിർവ്വഹിക്കുന്നു.ജിയോ ബേബിയെ കൂടാതെ ഓഡിഷനിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന പുതുമുഖ നടീനടന്മാരും ഈ സിനിമയിൽ അഭിനയിക്കുന്നുണ്ട്.വിഖ്യാത ബ്രിട്ടീഷ് കവി റോബർട്ട് ബ്രൗണിങ്ങിന്റെ അഞ്ച് ഡ്രമാറ്റിക് മോണൊലോഗുകളെ സിനിമക്കുള്ളിലെ സിനിമയായി അവതരിപ്പിച്ച അഭിലാഷ് ബാബുവിന്റെ ആദ്യ സിനിമയായ 'ആലോകം: Rangs of Vision' (2023) വിദേശങ്ങളിലുൾപ്പെടെ ഫിലിം സൊസൈറ്റികളിലും യൂണിവേഴ്സിറ്റികളിലെയും കോളേജുകളിലെയും മീഡിയ, സാഹിത്യ ഡിപ്പാർട്ട്മെന്റുകളിലും പ്രദർശിപ്പിച്ചുവരുന്നു. 2024ൽ പുറത്തിറങ്ങിയ മോക്യുമെന്ററി സിനിമ 'മായുന്നു, മാറിവരയുന്നു, നിശ്വാസങ്ങളിൽ...'29ാമത് കഎഎഗ യിൽ പ്രീമിയർ ചെയ്തിരുന്നു. ഒറ്റപ്പാലം ഡയലോഗ് ഫിലിം ഫെസ്റ്റിവൽ, കേരള യൂണിവേഴ്സിറ്റി ഫിലിം ഫെസ്റ്റിവൽ എന്നിവിടങ്ങളിലും മലയാള സിനിമ വിഭാഗത്തിൽ പ്രദർശിപ്പിക്കപ്പെട്ടു.മാർച്ചിൽ ചിത്രീകരണം ആരംഭിക്കുന്ന 'കൃഷ്ണാഷ്ടമി... ' എന്ന ചിത്രത്തിന്റെ ഛായാഗ്രഹണം ജിതിൻ മാത്യു നിർവ്വഹിക്കുന്നു.എഡിറ്റ്,സൗണ്ട്അനു ജോർജ്,പ്രൊഡക്ഷൻ ഡിസൈൻഡിലീപ് ദാസ്,പ്രൊജക്ട് ഡിസൈൻഷാജി എ ജോൺ,പ്രൊഡക്ഷൻ കൺട്രോളർജയേഷ് എൽ ആർ,പി ആർ ഒഎ എസ് ദിനേശ്.

# വ്യസനസമേതം ബന്ധുമിത്രാദികൾ

അനശ്വര രാജൻ, ബൈജു സന്തോഷ്, അസീസ് നെടുമങ്ങാട്,സിജു സണ്ണി,ജോമോൻ ജ്യോതിർ,നോബി,മല്ലിക സുകുമാരൻ എന്നീ വരെ പ്രധാന കഥാപാത്രങ്ങളാക്കി എസ് വിപിൻ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന 'വ്യസനസമേതം ബന്ധുമിത്രാദികൾ' എന്ന ചിത്രത്തിന്റെഫസ്റ്റ് ലുക്ക് പോസ്റ്റർ, പ്രശസ്ത ചലച്ചിത്ര താരം അനശ്വര രാജൻ റിലീസ് ചെയ്തു.‘ വാഴ ‘ എന്ന ഹിറ്റ് ചിത്രത്തിനു ശേഷം ണആ്ാട പ്രൊഡക്ഷൻസ്, തെലുങ്കിലെ പ്രശസ്ത നിർമ്മാണ കമ്പനിയായ ഷൈൻ സ്ക്രീൻസ് സിനിമയുമായി സഹകരിച്ച്




വിപിൻ ദാസ്,സാഹു ഗാരപാട്ടി എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം റഹീം അബൂബക്കർ നിർവ്വഹിക്കുന്നു.എഡിറ്റർജോൺകുട്ടി,സംഗീതംഅങ്കിത് മേനോൻ, എക്സിക്യൂട്ടിവ് പ്രൊഡ്യൂസർഹാരിസ് ദേശം, കനിഷ്ക ഗോപി ഷെട്ടി,ലൈൻ പ്രൊഡ്യൂസർഅജിത് കുമാർ, അഭിലാഷ് എസ് പി,ശ്രീനാഥ് പി എസ്,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്അനീഷ് നന്ദിപുലം,പ്രൊഡക്ഷൻ, ഡിസൈനർ ബാബു പിള്ള,മേക്കപ്പ്സുധി സുരേന്ദ്രൻ,കോസ്റ്റ്യൂംസ്അശ്വതി ജയകുമാർ,സ്റ്റിൽസ് ശ്രീക്കുട്ടൻ എ എം, പരസ്യകലയെല്ലോ ടൂത്ത്സ്,ക്രീയേറ്റീവ് ഡയറക്ടർസജി ശബന,ചീഫ് അസോസിയേറ്റ് ഡയറക്ടർരാജീവൻ അബ്ദുൾ ബഷീർ,സൗണ്ട് ഡിസൈൻഅരുൺ മണി, ഫിനാൻസ് കൺട്രോളർകിരൺ നെട്ടയം, പ്രൊഡക്ഷൻ മാനേജർസുജിത് ഡാൻ,ബിനു തോമസ്,പ്രൊമോഷൻ കൺസൽട്ടന്റ് വിപിൻ വി,മാർക്കറ്റിംഗ്ടെൻജി മീഡിയ,പി ആർ ഒ എ എസ് ദിനേശ്.

# ഹത്തനെ ഉദയ ഏപ്രിൽ 18ന്

നാട്യധർമ്മി ക്രിയേഷൻസിന്റെ ബാനറിൽ എ കെ കുഞ്ഞിരാമ പണിക്കർ കഥ, തിരക്കഥ, സംഭാഷണമെഴുതി സംവിധാനം ചെയ്യുന്ന ഹത്തനെ ഉദയ ഏപ്രിൽ പതിനെട്ടിന് പ്രദർശനത്തിനെത്തുന്നു.നിരവധി ജില്ലാ സംസ്ഥാനത്തലത്തിൽ അവാർഡുകൾ കരസ്ഥമാക്കിയ, ഒട്ടേറെ നാടകങ്ങൾ ക്ക് രചനയും രംഗഭാഷയും നിർവ്വഹിച്ച എ.കെ. കുഞ്ഞിരാമ പണിക്കരുടെ ആദ്യ സിനിമയാണ് ഹത്തനെ ഉദയ.

ദേവരാജ് കോഴിക്കോട്, റാം വിജയ്, രാജീവൻ വെള്ളൂർ, സന്തോഷ് മാണിയാട്ട്, ഷിജിന സുരേഷ്, കപോതൻ ശ്രീധരൻ നമ്പൂതിരി, രാകേഷ് റാം വയനാട്, ശശി ആയിറ്റി, ആതിര, വിജിഷ, ഷൈനി വിജയൻ, അശ്വതി, എന്നിവരാണ് ഈ ചിത്രത്തിലെ അഭിനേതാക്കൾ. മുഹമ്മദ് എ ഛായാഗ്രഹണം നിർവഹിക്കുന്നു. വൈശാഖ് സുഗുണൻ, സുജേഷ് ഹരി എന്നിവർ




എഴുതിയ വരികൾക്ക് എബി സാമുവൽ സംഗീതം പകരുന്നു.സിതാര കൃഷ്ണകുമാർ, വൈക്കം വിജയലക്ഷ്മി, സച്ചിൻ രാജ് എന്നിവരാണ് ഗായകർ. എഡിറ്റർ ബിനു നെപ്പോളിയൻ, പ്രൊഡക്ഷൻ കൺട്രോളർ എൽദോ സെൽവരാജ്, പ്രൊഡക്ഷൻ ഡിസൈനർ കൃഷ്ണൻ കോളിച്ചാൽ, ആർട്ട് ഡയറക്ടർ അഖിൽ, കൃഷ്ണൻ കോളിച്ചാൽ, രഞ്ജിത്ത്, മേക്കപ്പ് രജീഷ് ആർ പൊതാവൂർ, വിനേഷ് ചെറുകാനം, വസ്ത്രാലങ്കാരം അരവിന്ദ് കെ ആർ, സ്റ്റിൽസ് ഷിബി ശിവദാസ്, ആക്ഷൻ അഷറഫ് ഗുരുക്കൾ, അസോസിയേറ്റ് ക്യാമറ മാൻചന്തു മേപ്പയൂർ, ചീഫ് അസോസിയേറ്റ് ഡയറക്ടർ റെജിൽ കെ സി, അസോസിയേറ്റ് ഡയറക്ടർലെനിൻ ഗോപിൻ, രഞ്ജിത്ത് മഠത്തിൽ, സിജോയ്, അസിസ്റ്റന്റ് ഡയറക്ടർ നിവിൻ നാലപ്പാടൻ, അഭിഷേക് കെ ലക്ഷ്മണൻ, ബിജിഎം സാൻഡി, സൗണ്ട് ഡിസൈനർ രഞ്ജു രാജ്, മാത്യു വിഎഫ്എക്സ്ബിനു ബാലകൃഷ്ണൻ, നൃത്തംശാന്തി മാസ്റ്റർ പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് മൺസൂർ വെട്ടത്തൂർ, പ്രൊഡക്ഷൻ മാനേജർ നസ്രൂദ്ദീൻ, വിതരണം മൂവി മാർക്ക്, പി ആർ ഒ എ എസ് ദിനേശ്.




# ഒരു വടക്കൻ തേരോട്ടം

ധ്യാൻ ശ്രീനിവാസൻ, തെന്നിന്ത്യൻ താരങ്ങളായ ആനന്ദ്, രാജ് കപൂർ,പുതുമുഖ നായികദിൽന രാമകൃഷ്ണൻ,മാളവിക മേനോൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ബിനുൻരാജ് സംവിധാനം ചെയ്യുന്ന 'ഒരു വടക്കൻ തേരോട്ടം' എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി.സുധീർ പറവൂർ, ധർമജൻ ബോൾഗാട്ടി, വിജയകുമാർ,സലിം ഹസൻ,ദിലീപ് മേനോൻ,കോഴിക്കോട് നാരായണൻ നായർ, രാജേഷ് കേശവ് , ജിബിൻ,ദിനേശ് പണിക്കർ,സോഹൻ സീനുലാൽ,കിരൺ കുമാർ,ബോസ് സോപാനം,കലേഷ്, ജയ് വിഷ്ണു, ജെയിൻ,മൻസു മാധവ,അരുൺ പുനലൂർ , കല സുബ്രഹ്മണ്യം, അംബിക മോഹൻ , പ്രിയ ശ്രീജിത്ത്,ഗീതു നായർ,സബിത, കൃഷ്ണവേണി, അർച്ചന,വിദ്യ,അനില ,തനു ദേവി എന്നിവർക്കൊപ്പം ഒട്ടേറെ പുതുമുഖങ്ങളും ഈ ചിത്രത്തിൽ അഭിനയിക്കുന്നു.

ബേണി ഇഗ്നേഷ്യസിലെ ബേണിയുടെ മകൻ ടാൻസനും തെന്നിന്ത്യയിലെ പ്രശസ്ത പിന്നണി ഗായകൻ പി. ഉണ്ണികൃഷ്ണന്റെ മകൻ വസുദേവ് കൃഷ്ണയും ആദ്യമായി സംഗീത രംഗത്ത് അവരവരുടെ മേഖലയിൽ അരങ്ങേറ്റം കുറിക്കുന്ന ചിത്രം കൂടിയാണ് 'ഒരു വടക്കൻ തേരോട്ടം '.കൈതപ്രം ദാമോദരൻ നമ്പൂതിരി എഴുതിയ വരികൾക്ക് ബേണിയും മകൻ ടാൻസനും ചേർന്ന് സംഗീതം പകർന്ന ഗാനം,ഗായകനായ പി ഉണ്ണികൃഷ്ണന്റെ മകൻ വസുദേവ് കൃഷ്ണ ആലപിക്കുന്നു.ഓപ്പൺ ആർട്ട് ക്രിയേഷൻസിന്റെ ബാനറിൽ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ കഥ, തിരക്കഥ , സംഭാഷണം നവാഗതനായ സനു അശോക് എഴുതുന്നു. പവി കെ പവൻ ഛായാഗ്രഹണം നിർവ്വഹിക്കുന്നു.കോ പ്രൊഡ്യൂസേഴ്സ് സുര്യ എസ് സുബാഷ്,ജോബിൻ വർഗ്ഗീസ്,എക്സിക്യുട്ടീവ് പ്രൊഡ്യൂസേഴ്സ്സനൂപ് എസ്,സുനിൽ നായർ,ദിനേശ് കുമാർ,സുരേഷ് കുമാർ,ബാബുലാൽ,പ്രൊജക്ട് ഹെഡ് മോഹൻ ( അമൃത )എഡിറ്റിങ്ങ്ജിതിൻ ഡി കെ,കലാസംവിധാനം ബോബൻ ഗാന രചനകൈതപ്രം ദാമോദരൻ നമ്പൂതിരി, ഹസീന എസ് കാനം ഗായകർഹരിശങ്കർവസുദേവ് കൃഷ്ണ,നിത്യാ മാമൻ,ശ്രീജ ദിനേശ്,

ബാക്ക് ഗ്രൗണ്ട് സ്കോർനവനീത് സൗണ്ട് ഡിസൈൻ സിനോയ് ജോസഫ്പ്രൊഡക്ഷൻ കൺട്രോളർഎസ്സാ കെ എസ്തപ്പാൻ,കളറിസ്റ്റ് സി പി രമേശ്മേക്കപ്പ്സിനൂപ് രാജ്കോസ്റ്റ്യൂംസ്സൂര്യ ശേഖർ,സ്റ്റിൽസ് ഷുക്കു പുളിപ്പറമ്പിൽഡിസൈനർഅമൽ രാജു,സ്റ്റുഡിയോഏരീസ് വിസ്മയാസ് മാക്സ്,സൗണ്ട് റെക്കോർഡിസ്റ്റ് ഫ്രാൻസിസ് സി ഡേവിഡ്,ചീഫ് അസോസിയേറ്റ് ഡയരക്ടർവിഷ്ണു ചന്ദ്രൻ,വിതരണംഡ്രീം ബിഗ് ഫിലിംസ്,പി ആർ ഒഎ എസ് ദിനേശ്.

സൊസൈറ്റി ടുഡേ SOCIETY TODAY

# ജിയോയും സ്റ്റാർലിങ്കും കൈകോർക്കുന്നു




**മുംബൈ/കൊച്ചി:** റിലയൻസ് ഇൻഡസ്ട്രീസിന്റെ ഭാഗമായ ജിയോ പ്ലാറ്റ്ഫോംസ് ലിമിറ്റഡ് ശതകോടീശ്വര സംരംഭകൻ ഇലോൺ മസ്ക്കിന്റെ സ്പേസ് എക്സുമായി പങ്കാളിത്തത്തിൽ ഏർപ്പെട്ടു. സ്പേസ് എക്സിന്റെ സ്റ്റാർലിങ്ക് ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സേവനങ്ങൾ ഇന്ത്യയിലെമ്പാടുമുള്ള ഉപഭോക്താക്കളിലേക്ക് ജിയോ എത്തിക്കുമെന്ന് റിലയൻസ് ജിയോ ഗ്രൂപ്പ് സിഇഒ മാത്യു ഉമ്മൻ പറഞ്ഞു. സ്റ്റാർലിങ്ക് സേവനങ്ങൾ ജിയോയുടെ റീട്ടെയ്ൽ ഔട്ട്ലെറ്റുകളിലൂടെ ലഭ്യമാക്കുന്നത് പുതിയ പങ്കാളിത്തത്തിന്റെ ഭാഗമാണ്. ഡാറ്റാ ട്രാഫിക്കിന്റെ കാര്യത്തിൽ ലോകത്തിലെ ഏറ്റവും വലിയ മൊബൈൽ ഓപ്പറേറ്റർ എന്ന നിലയിൽ ജിയോയുടെ സ്ഥാനവും ലോകത്തിലെ മുൻനിര ലോ എർത്ത് ഓർബിറ്റ് സാറ്റലൈറ്റ് കോൺസ്റ്റലേഷൻ ഓപ്പറേറ്റർ എന്ന നിലയിൽ സ്റ്റാർലിങ്കിന്റെ സ്ഥാനവും പുതിയ കരാറിലൂടെ ഇരുകമ്പനികളും പരമാവധി പ്രയോജനപ്പെടുത്തും. ഇന്ത്യയിലെ അതിവിദൂര ഗ്രാമപ്രദേശങ്ങളിൽ ഉൾപ്പെടെ രാജ്യത്തുടനീളം വിശ്വസനീയമായ ബ്രോഡ്ബാൻഡ് സേവനങ്ങൾ നൽകുന്നതിന് പുതിയ പങ്കാളിത്തം സഹായിക്കും. ജിയോ തങ്ങളുടെ റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ സ്റ്റാർലിങ്ക് ഉപകരണങ്ങൾ ലഭ്യമാക്കുക മാത്രമല്ല ചെയ്യുക, ഉപഭോക്തൃ സേവനങ്ങളും ഇൻസ്റ്റലേഷനുമെല്ലാം പിന്തുണയ്ക്കുന്ന സംവിധാനം സജ്ജമാക്കും. എവിടെ ജീവിക്കുന്നവരായാലും ഓരോ ഇന്ത്യക്കാരനും താങ്ങാവുന്ന നിരക്കിൽ അതിവേഗ ബ്രോഡ്ബാൻഡ് ലഭ്യമാക്കുകയാണ് ജിയോയുടെ മുഖ്യ അജണ്ടയെന്നും മാത്യു ഉമ്മൻ പറഞ്ഞു. എല്ലാവർക്കും തടസമില്ലാത്ത ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി ലഭ്യമാക്കുകയെന്ന തങ്ങളുടെ പ്രതിബദ്ധതയുടെ പ്രതിഫലനമാണ് സ്പേസ് എക്സിന്റെ സ്റ്റാർലിങ്ക് പദ്ധതിഉപഭോക്താക്കളിലേക്കെത്തിക്കുന്നതിനുള്ള ഈ പ്ങ്കാളിത്തമെന്നും അദ്ദേഹം പറഞ്ഞു. വ്യക്തികളെയും ബിസിനസുകളെയുമെല്ലാം ശക്തിപ്പെടുത്തുന്നതിന് ഈ കണക്റ്റിവിറ്റി വിപ്ലവം സഹായിക്കും.ഇന്ത്യയുടെ കണക്റ്റിവിറ്റി ശക്തിപ്പെടുത്തുന്നതിൽ ജിയോയുടെ പ്രതിബദ്ധതയെ ഞങ്ങൾ അഭിനന്ദിക്കുന്നു സ്പേസ് എക്സ് പ്രസിഡന്റും ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറുമായ ഗ്വയിൻ ഷോട്ട് വെൽ പറഞ്ഞു. സ്റ്റാർലിങ്കിന്റെ അതിവേഗ ഇന്റർനെറ്റ് സേവനങ്ങൾ കൂടുതൽ ആളുകൾക്കും സ്ഥാപനങ്ങൾക്കും ബിസിനസുകൾക്കും ലഭ്യമാക്കുന്നതിനായി ജിയോയുമായി സഹകരിച്ച് പ്രവർത്തിക്കാനാണ് ഞങ്ങളുടെ തീരുമാനം. ഇന്ത്യൻ സർക്കാരിൽ നിന്ന് ഉടൻ അംഗീകാരം ലഭിക്കുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷഅദ്ദേഹം പറഞ്ഞു.

# നമോ ആശുപത്രി: ആദ്യഘട്ടം ഉദ്ഘാടനം ചെയ്തു



**ന്യൂഡൽഹി:** ദാദ്ര ആൻഡ് നാഗർ ഹവേലിയിലെ സിൽവാസയിൽ 450 കിടക്കകളുള്ള നമോ ആശുപത്രിയുടെ ആദ്യ ഘട്ടം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. 460 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ആശുപത്രി കൂടാതെ സ്കൂളുകൾ, പൊതു സേവനങ്ങൾ, അടിസ്ഥാന സൗകര്യവികസന സംരംഭങ്ങൾ എന്നിവയുൾപ്പെടെ 2,500 കോടിയിലധികം രൂപയുടെ നിരവധി ജനക്ഷേമ പദ്ധതികളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.ഉദ്ഘാടനത്തോടനുബന്ധിച്ച് പ്രധാനമന്ത്രി വരാനിരിക്കുന്ന ആശുപത്രിയുടെ 3 ഡി മാതൃക അവലോകനം ചെയ്യുകയും ആധുനിക മെഡിക്കൽ അടിസ്ഥാന സൗകര്യങ്ങളെ അഭിനന്ദിക്കുകയും ചെയ്തു. കാൽമുട്ട് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ആദ്യത്തെ നിർമിത ബുദ്ധി പവർ റോബോട്ടിക് സംവിധാനമായ മിസോയുടെ പ്രവർത്തനം മെറിൽ സിഇഒ വിവേക് ഷാ പ്രധാനമന്ത്രിക്ക് മുമ്പിൽ അവതരിപ്പിച്ചു.നമോ ആശുപത്രി രാജ്യത്തെ ആരോഗ്യമേഖലയെ ശക്തിപ്പെടുത്തുന്നതിൽ നിർണായക ചുവടുവയ്പ്പാണ് നടത്തിയിരിക്കുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. ശസ്ത്രക്രിയാ കൃത്യത വർദ്ധിപ്പിക്കുന്നതിനൊപ്പം ക്ലിനിക്കൽ ഫലങ്ങളും രോഗിയുടെ വീണ്ടെടുക്കലും മെച്ചപ്പെടുത്തുന്ന നൂതനവും ലോകോത്തരവുമായ സാങ്കേതികവിദ്യകൾ വികസിപ്പിക്കാൻ മെറിൽ പ്രതിജ്ഞാബദ്ധമാണെന്ന് മെറിൽ സിഇഒ വിവേക് ഷാ പറഞ്ഞു.

## ദേശീയ ഫെൻസിങ് ചാമ്പ്യൻഷിപ്പ്: മൂന്നാം ഘട്ടം മാർച്ച് 14 മുതൽ

**കൊച്ചി**: കേന്ദ്ര യുവജന കായിക മന്ത്രാലയത്തിന്റെ കീഴിൽ നടക്കുന്ന ഖേലോ ഇന്ത്യ ഗെയിംസിന്റെ ഭാഗമായി ദേശിയ ഫെൻസിങ് ചാമ്പ്യൻഷിപ്പ് അസ്മിത ലീഗിന്റെ മൂന്നാം ഘട്ടത്തിന് മാർച്ച് 14 ന് തുടക്കമാകും. കേരള ഫെൻസിങ് അസോസിയേഷന്റെ നേതൃത്വത്തിൽ മാർച്ച് 18 വരെ എറണാകുളം രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിലാണ് ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കുന്നത്.

## സാമൂഹ്യനീതി ഓഫീസിലേക്ക് വാഹനം: ദർഘാസ് ക്ഷണിച്ചു

**കൊച്ചി;** എറണാകുളം ജില്ല സാമൂഹ്യനീതി ഓഫീസിലെ ഔദ്യോഗിക ഉപയോഗത്തിന് 2018 നോ അതിനുശേഷമോ ടാക്സി പെർമിറ്റുള്ള എയർ കണ്ടീഷൻഡ് (5സീറ്റർ, 800സി സി ) വാഹനം ലഭ്യമാക്കുവാൻ താൽപര്യമുള്ള വ്യക്തികൾ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും ( ഡ്രൈവർ ഒഴികെ ) ഒരു വർഷക്കാലയളവിലേക്ക് നിബന്ധനകൾക്ക് വിധേയമായി ദർഘാസുകൾ ക്ഷണിക്കുന്നു. മാർച്ച് 15 ഉച്ചയ്ക്ക് രണ്ട് വരെ ദർഘാസ് സമർപ്പിക്കാം.



## അസിസ്റ്റന്റ് ഗവർണറുടെ അസംബ്ലി നടന്നു

**കൊച്ചി:** റോട്ടറി ക്ലബ് ഓഫ് കൊച്ചി ലോഡ്സിന്റെ ഗവർണർസ് സന്ദർശനത്തോടനുബന്ധിട്ട് അസിസ്റ്റൻറ് ഗവർണറുടെ അസംബ്ലി നടന്നു. എജി റൊട്ടേറിയൻ ഡോ.കുര്യാക്കോസ് ആന്റണി, പ്രസിഡന്റ് റൊട്ടേറിയൻ കെ വി കൃഷ്ണകുമാർ അടക്കമുള്ള ബോർഡ് അംഗങ്ങൾ പങ്കെടുത്തു. ഈ വർഷത്തിലെ ഇതുവരെയുള്ള റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ ലോഡ്സിന്റെ പ്രവർത്തനങ്ങൾ യോഗം വിലയിരുത്തി

## 'ക്ലീൻ ഡെസ്റ്റിനേഷൻ' ആരംഭിച്ചു




**ന്യൂഡൽഹി:** മധ്യപ്രദേശ് ടൂറിസം ബോർഡുമായി സഹകരിച്ച് കൊക്കകോള ഇന്ത്യ ഫൗണ്ടേഷൻ അടുത്ത മൂന്ന് വർഷത്തിനുള്ളിൽ സുസ്ഥിരമായ മാലിന്യ സംസ്കരണം മെച്ചപ്പെടുത്തുന്നതിനായി ബന്ധവ്ഗഢ് നാഷണൽ പാർക്കിൽ 'പ്രോജക്റ്റ് ക്ലീൻ ഡെസ്റ്റിനേഷൻ' ആരംഭിച്ചു. പന്നയിലെ സമാനമായ പ്രോജക്റ്റിന്റെ വിജയത്തെ അടിസ്ഥാനമാക്കി, മെറ്റീരിയൽ റിക്കവറി സൗകര്യങ്ങൾ സ്ഥാപിക്കുക, പ്രാദേശിക 'സ്വച്ഛ് മിത്ര'മാരെ പരിശീലിപ്പിക്കുക, ഉറവിട വേർതിരിവ് പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നതെന്ന് കമ്പനി അധികൃതർ അറിയിച്ചു.

## സ്റ്റീലേജ് സുരക്ഷാ സർട്ടിഫിക്കേഷൻ നേടി

**ന്യൂഡൽഹി:** ഗുന്നെബോ ഗ്രൂപ്പ് ബ്രാൻഡായ സ്റ്റീലേജ്, മോഡുലാർ വോൾട്ട് പാനൽ സൊല്യൂഷനുകൾക്കായി ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (ആകട) ക്ലാസ് അഅഅ സർട്ടിഫിക്കേഷൻ നേടി. 2024ൽ ക്ലാസ് എ സർട്ടിഫിക്കേഷൻ നേടിയതിനു പിന്നാലെയാണ് പുതിയ നേട്ടം കൈവരിച്ചത്.

## കമ്പ്യൂട്ടർ കോഴ്സുകൾക്ക് അപേക്ഷിക്കാം

**കൊച്ചി:** കേരളസർക്കാർ നിയന്ത്രണത്തിലുള്ള എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ കളമശ്ശേരി, കോതമംഗലം കേന്ദ്രങ്ങളിൽ മാർച്ച് ആറിന് ആരംഭിച്ച കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനം തുടരുന്നു. ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പ്ലസ് ടു യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.

## ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ്

**കൊച്ചി:** പ്ലസ് ടു കൊമേഴ്സ് യോഗ്യതയുള്ളവർക്കും, ഡാറ്റ എൻട്രി ആൻഡ് ഓഫീസിൽ ഓട്ടോമേഷ, പത്താം ക്ലാസ് യോഗ്യതയുള്ളവർക്കും അപേക്ഷിക്കാം.
www.lbscetnre.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.ഫോൺ: കളമശ്ശേരി 7025310574, 04842541520,കോതമംഗലം 8129680172

സൊസൈറ്റി ടുഡേ
SOCIETY TODAY

# കെ അഗ്ടെക് ലോഞ്ച്പാഡ് ഉദ്ഘാടനം 14 ന്

**കാർഷിക മേഖലയിലുള്ള സ്റ്റാർട്ടപ്പുകൾക്ക് ഇൻക്യുബേഷൻ പിന്തുണയും ആശയവൽക്കരണത്തിൽ നിന്നും ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനുള്ള മാർഗനിർദ്ദേശവും അടിസ്ഥാന സൗകര്യങ്ങളും നൽകുകയാണ് കെ അഗ്ടെക് ലോഞ്ച്പാഡ് ഇൻകുബേറ്ററിന്റെ പ്രധാന ലക്ഷ്യം.**

**തിരുവനന്തപുരം:** കേരള കാർഷിക സർവകലാശാല 'കെ അഗ്ടെക് ലോഞ്ച്പാഡ്' എന്ന പേരിൽ കാർഷിക ഭക്ഷ്യ അനുബന്ധ വ്യവസായ ഇൻകുബേറ്റർ വെള്ളായണി കാർഷിക കോളേജിൽ സ്ഥാപിക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. സംസ്ഥാനത്ത് ആദ്യമായിട്ടാണ് 15 കോടിയോളം അടങ്കൽ തുക വകയിരുത്തി കൊണ്ടുള്ള പദ്ധതി ഒരു സർവകലാശാല ഗ്രാന്റായി നേടിയെടുക്കുന്നത്. നബാർഡ്, ഓസ്ട്രേലിയയിലെ വെസ്റ്റേൺ സിഡ്നി സർവകലാശാല എന്നിവയുടെ സഹകരണത്തോടെ വലിയ മുതൽമുടക്കിലാണ് ഇൻകുബേറ്റർ ആരംഭിക്കുന്നത്. കാർഷിക സർവ്വകലാശാലയുടെ കീഴിൽ സെക്ഷൻ 8 കമ്പനിയായി രജിസ്റ്റർ ചെയ്യുന്ന ഇൻകുബേറ്റർ പദ്ധതിക്കായി പ്രത്യേക ഭരണസംവിധാനമുണ്ടാകുമെന്നും കാർഷിക കോളേജ് ഡീൻ ഡോ. റോയ് സ്റ്റീഫന്റെയും, കാർഷിക വിജ്ഞാന വിഭാഗം മേധാവി ഡോ. അലൻ തോമസിന്റെയും നേതൃത്വത്തിൽ പദ്ധതി നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു.

കാർഷിക മേഖലയിലുള്ള സ്റ്റാർട്ടപ്പുകൾക്ക് ഇൻക്യുബേഷൻ പിന്തുണയും ആശയവൽക്കരണത്തിൽ നിന്നും ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനുള്ള മാർഗനിർദ്ദേശവും അടിസ്ഥാന സൗകര്യങ്ങളും നൽകുകയാണ് കെ അഗ്ടെക് ലോഞ്ച്പാഡ് ഇൻകുബേറ്ററിന്റെ പ്രധാന ലക്ഷ്യം. ഓസ്ട്രേലിയയിലെ വെസ്റ്റേൺ സിഡ്നി സർവകലാശാലയുമായുള്ള സഹകരണം വിദേശ രാജ്യങ്ങളിലെ കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ മനസിലാക്കുന്നതിനും അവിടത്തെ പ്രായോഗിക സാങ്കേതിക രീതികൾ അറിയുന്നതിനും മുതൽക്കൂട്ടാവും.ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ കൃത്യമായ കാർഷിക സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിനും കർഷകർക്കുള്ള സാങ്കേതിക പിന്തുണയും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവും വൈവിധ്യവൽക്കരണവും ഉറപ്പാക്കി കർഷകരുടെയും സംരംഭകരുടെയും വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ കണ്ടെത്തും. കേരളത്തിന്റെ കാർഷിക മേഖലയുടെ സുസ്ഥിര സാമ്പത്തിക സാങ്കേതിക വളർച്ച മുന്നിൽ കണ്ടുള്ള സംരംഭം മേഖലയിലെ നവസംരംഭകർക്കും ഗവേഷകർക്കും വിദ്യാർത്ഥികൾക്കും ഉപകാരപ്രദമാകും. പദ്ധതിയിൽ സ്ത്രീ സംരംഭകർക്ക് പ്രത്യേക പരിഗണനയുണ്ടാവുമെന്നും മന്ത്രി അറിയിച്ചു.വെള്ളായണി കാർഷിക കോളേജിൽ 14ന് രാവിലെ 11 മണിക്ക് 'കെ അഗ്ടെക് ലോഞ്ച്പാഡ്' ഇൻകുബേറ്ററിന്റെ ഉദ്ഘാടനം മന്ത്രി പി. പ്രസാദ് നിർവഹിക്കും. അഡ്വ. എം. വിൻസന്റ് എം.എൽ.എ നബാർഡ് ചെയർമാൻ ഡോ ഷാജി കെ വി, കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ ബി അശോക് തുടങ്ങിയവർ പങ്കെടുക്കും. വെസ്റ്റേൺ സിഡ്നി സർവകലാശാല വൈസ് ചാൻസലർ പ്രൊഫസർ ജോർജ് വില്യംസ് ഓൺലൈനായി പങ്കെടുക്കും.

# ഭൂതത്താൻകെട്ടിൽ 25.412 കോടി യുടെ ഇറിഗേഷൻ ടൂറിസം പദ്ധതി



കൊച്ചി: ഭൂതത്താൻകെട്ടിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി 25.412 കോടി രൂപ ചെലവഴിച്ച് ഇറിഗേഷൻ ടൂറിസം പദ്ധതി നടപ്പിലാക്കുമെന്ന് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ നിയമസഭയിൽ അറിയിച്ചു. ആന്റണി ജോൺ എം.എൽ.എയുടെ ചോദ്യത്തിനു മറുപടിയായിട്ടാണ് മന്ത്രി നിയമസഭയിൽ ഇക്കാര്യം വ്യക്തമാക്കിയത്. സ്വദേശിയരും വിദേശിയരുമായ രണ്ട് ലക്ഷത്തോളം വിനോദ സഞ്ചാരികൾ പ്രതിവർഷം വന്നുപോകുന്ന ഭൂതത്താൻകെട്ടിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള ഇറിഗേഷൻ ടൂറിസം പദ്ധതിയെ സംബന്ധിച്ചും പദ്ധതി നടപ്പിലാക്കുമ്പോൾ പ്രദേശവാസികൾക്ക് തൊഴിലും, മറ്റ് അനുബന്ധ പരിഗണനയും ഉറപ്പുവരുത്തണമെന്നും വർഷങ്ങളായി ഈ പ്രദേശത്ത് ടൂറിസവുമായി ബന്ധപ്പെട്ട് ബോട്ടിംഗ് നടത്തിവരുന്നവരെ കൂടി പദ്ധതിയുടെ ഭാഗമാക്കണമെന്നും എം.എൽ.എ സഭയിൽ ആവശ്യപ്പെട്ടു. ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഡാമും അനുബന്ധ ഓഫീസ് കെട്ടിടങ്ങളും ഒഴിച്ചുള്ള പ്രദേശങ്ങളിൽ പരിസ്ഥിതി സൗഹൃദമായിട്ടാണ് പദ്ധതി ആവിഷ്കരിക്കുന്നത്. പദ്ധതിയിൽ പാർക്ക് നവീകരണം, പാർക്കിംഗ് സംവിധാനം, ടോയ്ലറ്റ് ബ്ലോക്കുകൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, കുട്ടികൾക്ക് വേണ്ടി പുതിയ റൈഡുകൾ, വിനോദസംവിധാനങ്ങൾ, സ്കൈ ട്രെയിൻ, സംഗീത ജലധാര, ഫോഗ് ജനറേറ്റർ, ഓപ്പൺ എയർ ഓഡിറ്റോറിയം, റെസ്റ്റോറന്റ്, മിനി കോൺഫറൻസ് ഹാൾ, കടമുറികൾ, അഗ്നി സുരക്ഷാ സംവിധാനങ്ങൾ , പ്ലമ്പിങ് , ഇലക്ട്രിക്കൽ ജോലികൾ തുടങ്ങിയവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.പദ്ധതി നടപ്പിലാക്കുമ്പോൾ പ്രദേശവാസികൾക്ക് കൂടി തൊഴിലും മറ്റ് അനുബന്ധ പരിഗണനയും ഉറപ്പുവരുത്തുന്നതും, പ്രദേശത്ത് ബോട്ടിംഗ് നടത്തിവന്നവരെ കൂടി പദ്ധതിയുടെ ഭാഗമാക്കുന്ന കാര്യവും പദ്ധതി പ്രാവർത്തികമാക്കുന്ന ഘട്ടത്തിൽ ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണെന്നും മന്ത്രി നിയമ സഭയിൽ അറിയിച്ചു .

## തീം മാറ്റിക് സ്റ്റിൽ മോഡലിൽ നിന്ന് പ്ലാസ്റ്റിക് കുപ്പികൾ എടുക്കാൻ ശ്രമം; പിഴ ചുമത്തി ആരോഗ്യവിഭാഗം

**കൊച്ചി:** മാലിന്യ മുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി മരട് നഗരസഭ സ്ഥാപിച്ച തീംമാറ്റിക് സ്റ്റിൽ മോഡലിൽ നിന്ന് പ്ലാസ്റ്റിക് കുപ്പികൾ എടുക്കാൻ ശ്രമിച്ച ഇതര സംസ്ഥാന തൊഴിലാളികളെ പിടികൂടി നഗരസഭാ ആരോഗ്യ വിഭാഗം. കുണ്ടന്നൂർ ജംഗ്ഷനിൽ സ്ഥാപിച്ച ഇൻസ്റ്റലേഷനിലെ കുപ്പികളാണ് ഇതര സംസ്ഥാന തൊഴിലാളികൾ എടുക്കാൻ ശ്രമിച്ചത്. പ്ലാസ്റ്റിക് ഉൾപ്പെടെ പാഴ് വസ്തുക്കളുടെ ക്രമാതീതമായ ഉപയോഗം മൂലം ഭാവിയിൽ ശുദ്ധജലത്തിൽ പോലും പ്ലാസ്റ്റിക് അംശങ്ങൾ കണ്ടു തുടങ്ങുമെന്നും നമ്മുടെ പുഴകളെയും ജലസ്രോതസ്സുകളെയും കടലിനെയും സംരക്ഷിച്ചാൽ മാത്രമേ വരും തലമുറക്ക് ശുദ്ധമായ ഭൂമിയും വെള്ളവും വായുവും കൈമാറാൻ സാധിക്കുകയുള്ളൂ എന്ന ഉദ്ദേശലക്ഷ്യത്തിൽ 20 അടി ഉയരത്തിലാണ് ഇൻസ്റ്റലേഷൻ നിർമ്മിച്ചത്.കുടിവെള്ള ടാപ്പിൽ നിന്ന് പ്ലാസ്റ്റിക് കുപ്പികൾ ഇറങ്ങി വരുന്ന രീതിയിൽ നിർമ്മിച്ച ഇൻസ്റ്റലേഷൻ ശ്രദ്ധയിൽപ്പെട്ട ആക്രി പെറുക്കുന്ന തൊഴിലാളികൾ കൂടിയായ ഇവർ സ്തൂപത്തിൽ സ്ഥാപിച്ച കുപ്പികൾ അഴിച്ചെടുത്ത് അവരുടെ ചാക്കിൽ ആക്കുകയായിരുന്നു.വിവരമറിഞ്ഞ് ആരോഗ്യവിഭാഗം ഉദ്യോഗസ്ഥർ സ്ഥലത്തെത്തുകയും ഇവരെ പിടികൂടുകയും ചെയ്തു. തുടർന്ന് ഇതര സംസ്ഥാന തൊഴിലാളികളായ ഇസ്മയിൽ, മിറാജ് എന്നിവരെ പോലീസ് സ്റ്റേഷനിൽ ഹാജരാക്കുകയും നഗരസഭ 10000 രൂപ പിഴച്ചുമത്തുകയും ചെയ്തു. തുടർന്ന് ഇത് നിർമ്മിച്ച നഗരസഭ കണ്ടിജന്റ് ജീവനക്കാർ വീണ്ടും എത്തി നശിപ്പിക്കപ്പെട്ട ഭാഗങ്ങൾ വീണ്ടും പുനർ നിർമ്മിച്ചു.

# എസ്ബിഐയുടെ 70 ബ്രാഞ്ചുകൾക്കും 501 വനിതാ ഉപഭോക്തൃ സേവന കേന്ദ്രങ്ങൾക്കും ധനമന്ത്രി തുടക്കം കുറിച്ചു

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്കു തുടക്കം കുറിച്ചും സ്ഥാപിച്ചതിൻറെ 70ാം വർഷം ആഘോഷിച്ചു കൊണ്ടും 70 പുതിയ ബ്രാഞ്ചുകൾക്കും 501 വനിതാ ഉപഭോക്തൃ സേവന കേന്ദ്രങ്ങൾക്കും ധനമന്ത്രി നിർമ്മലാ സീതാരാമൻ തുടക്കം കുറിച്ചു. ഡിഎഫ്എസ് സെക്രട്ടറി എം നാഗരാജു, എസ്ബിഐ ചെയർമാൻ സി എസ് ഷെട്ടി എന്നിവരുടെ സാന്നിധ്യത്തിലാണ് ഉദ്ഘാടനം നടന്നത്. ബാങ്കിൻറെ പ്രത്യേക ബോർഡ് മീറ്റിങ്ങിലും മന്ത്രി സംസാരിച്ചു.

51 കോടിയിലേറെ ഉപഭോക്താക്കളുടെ വിശ്വസനീയ പങ്കാളിയായി എസ്ബിഐ തുടരുകയാണെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. ഇത് പല രാജ്യങ്ങളുടേയും ജനസംഖ്യയേക്കാൾ കൂടുതലാണ്. ഡിജിറ്റൽ സേവനങ്ങൾ മുന്നോട്ടു വെക്കുന്ന എസ്ബിഐ ഉപഭോക്തൃ അനുഭവങ്ങളുടെ കാര്യത്തിൽ പുതിയ രീതികൾ അവതരിപ്പിക്കുകയും പ്രവർത്തന മികവ് വർധിപ്പിക്കുകയുമാണ്. ബാങ്കിങ് കൂടുതൽ മികച്ചതാക്കുകയും കൂടുതൽ പേരിലേക്ക് ഔപചാരിക ബാങ്കിങ് സേവനങ്ങൾ എത്തിക്കുകയുമാണ് ചെയ്യുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.നടപ്പു സാമ്പത്തിക വർഷത്തിൻറെ മൂന്നാം ത്രൈമാസത്തിൽ നൂറോളം ബ്രാഞ്ചുകൾ കൂട്ടിച്ചേർത്ത് ബാങ്കിൻറെ ആകെ ബ്രാഞ്ചുകൾ 22,800 ആക്കി ഉയർത്തിയിട്ടുണ്ട്. ഇതിനു പുറമെ 78,023 ഉപഭോക്തൃ സേവന കേന്ദ്രങ്ങളും ബാങ്ക് അവതരിപ്പിച്ചിട്ടുണ്ട്. എല്ലാവർക്കും ബാങ്കിങ് സേവനങ്ങൾ പ്രദാനം ചെയ്യാനുള്ള സർക്കാർ നീക്കങ്ങളോടുള്ള ബാങ്കിൻറെ പ്രതിബദ്ധതയാണ് 70 പുതിയ ബ്രാഞ്ചുകളും 501 വനിതാ ഉപഭോക്തൃ സേവന കേന്ദ്രങ്ങളും ആരംഭിക്കുന്നതിലൂടെ തെളിഞ്ഞു കാണുന്നത്.

# സ്വയം തൊഴിൽ, സ്റ്റാർട്ട് അപ്പ് വികസന പരിപാടി 15 ന്

ആലപ്പുഴ: സ്വയംതൊഴിൽ സംരംഭങ്ങളിലേക്ക് പൊതുജനങ്ങളെ ആകർഷിക്കുകയും സംരംഭങ്ങൾ ആരംഭിക്കാനാവശ്യമായ നടപടിക്രമങ്ങൾ പരിചയപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ മാവേലിക്കര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പ്രവർത്തിക്കുന്ന മോഡൽ കരിയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ സ്വയം തൊഴിൽ, സ്റ്റാർട്ട് അപ്പ് വികസന പരിപാടി മാർച്ച് 15 ന് സംഘടിപ്പിക്കും. രാവിലെ 11 മണിക്ക് മാവേലിക്കര മിനി സിവിൽ സ്റ്റേഷനിലെ മൂന്നാം നിലയിലുള്ള കോൺഫറൻസ് ഹാളിൽ നടക്കുന്ന പരിപാടിയിൽ 20 നും 40 നും ഇടയിൽ പ്രായമുള്ളവർക്ക് പങ്കെടുക്കാം. രജിസ്ട്രേഷന് https://forms.gle/p81FvUGuHnveebfw8 എന്ന ലിങ്ക് സന്ദർശിക്കുക. ഫോൺ: 04792344301, 9446765246.

# പ്രയുക്തി തൊഴിൽമേള മാർച്ച് 15ന്

**ആലപ്പുഴ:** ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എംപ്ലോയബിലിറ്റി സെന്ററും നാഷണൽ കരിയർ സർവീസും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രയുക്തി മിനി തൊഴിൽമേള മാർച്ച് 15 ന് ശനിയാഴ്ച രാവിലെ ഒൻപത് മണിക്ക് ചേർത്തല ഗവ. പോളിടെക്നിക് കോളേജിൽ കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്യും.15 ലധികം തൊഴിൽദായകർ പങ്കെടുക്കുന്ന മേളയിൽ ആയിരത്തിൽപ്പരം ഒഴിവുകളുണ്ട്. എസ്എസ്എൽസി, പ്ലസ് ടു, ഡിപ്ലോമ, ഐടിഐ, ബിരുദം, ബിരുദാനന്തരബിരുദം, പാരാമെഡിക്കൽ എന്നീ വിദ്യാഭ്യാസ യോഗ്യതയുള്ള 18നും 40 നും ഇടയിൽ പ്രായമുള്ളവർക്ക് പങ്കെടുക്കാം. പ്രവൃത്തിപരിചയമില്ലാത്തവർക്കും മേളയിൽ അവസരമുണ്ടാകും. ncs.gov.in എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാം. ബയോഡാറ്റയുടെ അഞ്ച് പകർപ്പുകൾ, അസ്സൽ സർട്ടിഫിക്കറ്റുകൾ, എൻ.സി.എസ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത ഐ.ഡി കാർഡ് എന്നിവ സഹിതം 15 ന് രാവിലെ 8.30 ന് ഹാജരാകണം. സ്പോട്ട് രജിസ്ട്രേഷനുള്ള സൗകര്യവുമുണ്ടാകും. ഫോൺ: 04772230624, 8304057735.

## അസാപ്പ് കമ്യൂണിറ്റി സ്കിൽ പാർക്കിൽ തൊഴിൽമേള 15ന്

**ആലപ്പുഴ:** തിരുവല്ല കുന്നന്താനം കിൻഫ്ര പാർക്കിൽ പ്രവർത്തിക്കുന്ന അസാപ്പ് കമ്യൂണിറ്റി സ്കിൽ പാർക്കിൽ മാർച്ച് 15ന് വിജ്ഞാന കേരളം പദ്ധതിയുടെ ഭാഗമായി തൊഴിൽമേള നടത്തും. പത്ത്, പ്ലസ് ടു, ഡിഗ്രി, ഡിപ്ലോമ, ഐടിഐ വിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗാർഥികൾക്കായി വിവിധ സ്ഥാപനങ്ങളിൽ നിന്നായി 200ൽ പരം ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.ഫോൺ: 9495999688.

സൊസൈറ്റി ടുഡേ
SOCIETY TODAY

# വനിതാ എൻആർഐകൾക്ക് അക്കൗണ്ടുകൾ അവതരിപ്പിച്ച് ബാങ്ക് ഓഫ് ബറോഡ

**കൊച്ചി:** പൊതുമേഖലാ ബാങ്കുകളിൽ ആദ്യമായി ബാങ്ക് ഓഫ് ബറോഡ വനിതാ എൻആർഐകളുടെ ആഗോള ബാങ്കിംഗ് ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ബോബ് ഗ്ലോബൽ വിമൻ എൻആർഇ, എൻആർഒ സേവിംഗ്സ് അക്കൗണ്ട് അവതരിപ്പിച്ചു.ബാങ്ക് അതിന്റെ മുൻനിര എൻആർഐ പദ്ധതികളിലൊന്നായ ബോബ് പ്രീമിയം എൻആർഇ, എൻആർഒ സേവിംഗ്സ് അക്കൗണ്ടുള്ള ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട ബാങ്കിംഗ് അനുഭവം നൽകുന്നതിന് സവിശേഷതകളും ആനുകൂല്യങ്ങളും മെച്ചപ്പെടുത്തിയതായി ബാങ്ക് ഓഫ് ബറോഡ എക്സിക്യൂട്ടീവ് ഡയറക്ടർ ബീന വഹീദ് പറഞ്ഞു.ബോബ് ഗ്ലോബൽ വിമൻ എൻആർഇ, എൻആർഒ സേവിംഗ്സ് അക്കൗണ്ട് ഉപഭോക്താക്കൾക്ക്, ഓട്ടോ സ്വീപ്പ് സൗകര്യം ഉയർന്ന പലിശ നേടാൻ സഹായിക്കുന്നു. ഹോം ലോണുകൾക്ക് കുറഞ്ഞ പലിശ നിരക്കുകൾ, കുറഞ്ഞ പ്രോസസ്സിംഗ് ചാർജുകൾക്കൊപ്പം വാഹന വായ്പകൾ എന്നീ ആനുകൂല്യങ്ങൾ നൽകുന്നു. ലോക്കർ വാടകയിൽ 100 ശതമാനം ഇളവ്, എയർപോർട്ടുകളിൽ സൗജന്യ ആഭ്യന്തര, അന്തർദേശീയ ലോഞ്ച് ആക്സസ് ഉള്ള കസ്റ്റമൈസ്ഡ് ഡെബിറ്റ് കാർഡ്, കൂടാതെ സൗജന്യ വ്യക്തിഗത, എയർ അപകട ഇൻഷുറൻസ് പരിരക്ഷ, സേവിംഗ്സ് അക്കൗണ്ടുകളിൽ എൻആർഐകൾക്ക് ഇൻഷുറൻസ് പരിരക്ഷാ ആനുകൂല്യങ്ങൾ എന്നിവ നൽകുന്ന ആദ്യത്തെ പൊതുമേഖലാ ബാങ്കായെന്നും ബീന വഹീദ് പറഞ്ഞു.ബാങ്ക് അതിൻറെ ബോബ് പ്രീമിയം എൻആർഇ, എൻആർഒ സേവിംഗ്സ് അക്കൗണ്ടും നവീകരിച്ചു. മെച്ചപ്പെടുത്തിയ ഇടപാട് പരിധികളുള്ള കസ്റ്റമൈസ്ഡ് ഡെബിറ്റ് കാർഡ്, കോംപ്ലിമെൻററി ആഭ്യന്തര, അന്തർദേശീയ ലോഞ്ച് ആക്സസ്, സൗജന്യ സേഫ് ഡെപ്പോസിറ്റ് ലോക്കർ, സൗജന്യ വ്യക്തിഗത, എയർ ആക്സിഡൻറ് ഇൻഷുറൻസ് കവറേജ്, കുറഞ്ഞ പ്രോസസ്സിംഗ് ചാർജുകളോടെയുള്ള ഭവനവാഹന വായ്പകളുടെ ഇളവ് പലിശ എന്നിവ ഉൾപ്പെടെയുള്ള പ്രീമിയം ബാങ്കിംഗ് അനുഭവും നിരവധി ആനുകൂല്യങ്ങളും ഈ അപ്ഗ്രേഡ് ചെയ്ത അക്കൗണ്ട് നൽകുന്നു.ബോബ് ഗ്ലോബൽ വിമൻ എൻആർഇ, എൻആർഒ സേവിംഗ്സ് അക്കൗണ്ടിനെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അക്കൗണ്ട് തുറക്കുന്നതിനും www.bankofbaroda.com സന്ദർശിക്കുക അല്ലെങ്കിൽ അടുത്തുള്ള ബാങ്ക് ഓഫ് ബറോഡ ബ്രാഞ്ച് സന്ദർശിക്കുക.

# അരുൺ മാമൻ ആത്മ ചെയർമാൻ



കൊച്ചി: ഓട്ടോമോട്ടീവ് ടയർ മാനുഫാക്ച്ചറേഴ്സ് അസോസിയേഷൻ (ആത്മ) ചെയർമാനായി എം ആർ എഫ് ലിമിറ്റഡ് വൈസ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ അരുൺ മാമൻ തെരഞ്ഞെടുക്കപ്പെട്ടു. ബ്രിഡ്ജ്സ്റ്റോൺ ഇന്ത്യ മാനേജിംഗ് ഡയറക്ടർ ഹിരോഷി യോഷിസെയ്ൻ ആണ് വൈസ് ചെയർമാൻ.മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്ന് ബിരുദം പൂർത്തിയാക്കിയ അരുൺ മാമൻ യു എസിലെ ആഷ്‌ലാൻഡ് സർവകലാശാലയിൽ നിന്ന് എം ബി എ ബിരുദം നേടി. 2004 ലാണ് അരുൺ മാമൻ എം ആർ എഫ് മാനേജിംഗ് ഡയറക്ടറാകുന്നത്. 2017 ൽ വൈസ് ചെയർമാനും എം ഡിയുമായി. ക്രിക്കറ്റും മോട്ടോർ സ്പോർട്ടുകളും ഏറെ ഇഷ്ടപ്പെടുന്ന അരുൺ മാമൻ ആത്മയുടെ സുവർണ ജൂബിലി വർഷത്തിലാണ് ചെയർമാനായി ചുമതലയേൽക്കുന്നത്.

കൂടുതൽ അംഗങ്ങളെ ചേർത്ത് ആത്മയുടെ പ്രവർത്തനം ശക്തിപ്പെടുത്തുമെന്ന് അരുൺ മാമൻ അറിയിച്ചു. ഇന്ത്യൻ ടയർ വ്യവസായത്തെ ആഗോള വിതരണ രംഗത്തെ അതികായരാക്കി മാറ്റുമെന്നും ടയർ വ്യവസായത്തെ കൂടുതൽ മത്സരാധിഷ്ഠിതവും സാങ്കേതിക മേന്മയുള്ളതുമാക്കി മാറ്റുമെന്നും അരുൺ മാമൻ പറഞ്ഞു.200,000 ഹെക്ടർ തോട്ടം എന്ന ലക്ഷ്യത്തിലേക്കായി ഇൻറോഡ് പ്രോജക്റ്റ് വ്യാവസായികാടിസ് സ്ഥാനത്തിൽ തന്നെ അടുത്ത രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കും. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ, ടയർ മേഖലയിലെ ഗുണനിലവാരവും പരിശീലനവും നവീകരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്നും അരുൺ മാമൻ കൂട്ടിച്ചേർത്തു.

# കിറ്റ്കാറ്റ് പ്രൊഫഷണൽ സ്പ്രെഡുമായി നെസ്ലെ ഇന്ത്യ

കൊച്ചി: കിറ്റ്കാറ്റ് പ്രൊഫഷണൽ സ്പ്രെഡ് അവതരിപ്പിച്ച് കൊക്കോ അധിഷ്ഠിത സ്പ്രെഡ്സ് വിഭഗത്തിലും വ്യക്തിമുദ്ര പതിപ്പിച്ച് നെസ്ലെ പ്രൊഫഷണൽ. ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, തുടങ്ങിയവരിലേക്കു കൂടി തങ്ങളുടെ സേവനം വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടാണ് ഈ വിപുലീകരണം.വ്യത്യസ്തവും ആകർഷകവുമായ മധുര പലഹാരങ്ങൾ സൃഷ്ടിക്കുന്നതിനായി ഗവേഷണം നടത്തുന്ന ഷെഫുമാർക്ക് തണുത്തതും ചൂടുള്ളതുമായ വിവിധതരം വിഭവങ്ങളിൽ ഒരുപോലെ ഉപയോഗിക്കാനാവുന്ന രീതിയിലാണ് സമ്പന്നമായ ചോക്ലേറ്റ് രുചിയും ക്രിസ്പിയുമായ കിറ്റ്കാറ്റ് പ്രൊഫഷണൽ സ്പ്രെഡ് എത്തുന്നതെന്ന് നെസ്ലെ ഇന്ത്യ, നെസ്ലെ പ്രൊഫഷണൽ ഡയറക്ടർ സൗരഭ് മഖിജ പറഞ്ഞു. പേസ്റ്ററികൾ, കേക്കുകൾ, കുക്കീസ്, പ്ലേറ്റഡ് ഡെസേർട്ടുകൾ, പാനീയങ്ങൾ തുടങ്ങിയ വിവിധ വിഭവങ്ങൾക്ക് ടോപ്പിങ്ങ്, ഫില്ലിങ്ങ്, അലങ്കാരം തുടങ്ങിയവയ്ക്ക് ഒരുപോലെ കിറ്റ്കാറ്റ് വേഫർ ഉപയോഗിച്ച് രുചിപകരാം. കിറ്റ്കാറ്റ് പ്രൊഫഷണൽ സ്പ്രെഡിന്റെ സമാരംഭം ഷെഫുമാർക്ക് അവരുടെ രുചികളിൽ തനതായ രുചിപകരാൻ പുതിയ ഒരു മാർഗ്ഗം തുറക്കുകയാണ്. പാചക സർഗ്ഗാത്മകത വളർത്തുന്നതിനും ഉപഭോക്തൃ അനുഭവങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള ഞങ്ങളുടെ പ്രതിബദ്ധതയാണ് ഈ നവീകരണത്തിലൂടെ പ്രതിഫലിപ്പിക്കുന്നത്. ഹോട്ടൽ, റസ്റ്റോറന്റ്, കാറ്ററിങ്ങ് മേഖലകളിൽ വൈവിധ്യമാർന്ന രുചിഭേദങ്ങൾ അവതരിപ്പിക്കുകയാണ് ഇതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കിറ്റ്കാറ്റ് പ്രൊഫഷണൽ സ്പ്രെഡ് ഒരു കിലോഗ്രാമിന്റെ പാക്കുകളിൽ വിപണിയിൽ ലഭ്യമാകും.




# ഒരു രൂപയ്ക്ക് ഒരു ലിറ്റർ വെള്ളം

**കൊച്ചി;** ഒരു രൂപയ്ക്ക് ഒരു ലിറ്റർ വെള്ളം ലഭിക്കുന്ന പൂർണ്ണമായും ഓട്ടോമാറ്റിക് വാട്ടർ എടിഎം പദ്ധതിക്ക് ചോറ്റാനിക്കര പഞ്ചായത്തിൽ തുടക്കമായി. ചോറ്റാനിക്കര ജംഗ്ഷനിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ എ ടി എമ്മിൽ നിന്നും ഒരു രൂപ നാണയമിട്ടാൽ ഒരു ലിറ്റർ തണുത്ത ശുദ്ധീകരിച്ച വെള്ളവും അഞ്ചു രൂപ നാണയമിട്ടാൽ അഞ്ചു ലിറ്റർ വെള്ളവും ലഭിക്കും. പഞ്ചായത്തിന്റെ നൂറു ദിന കർമ പരിപാടിയുടെ ഭാഗമായി നാട്ടുകാർക്കും ഭക്തജനങ്ങൾക്കും ആവിശ്യത്തിന് ശുദ്ധജലം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.പദ്ധതിയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് എം.ആർ രാജേഷ് നിർവഹിച്ചു. ചടങ്ങിൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പുഷ്പ പ്രദീപ് അധ്യക്ഷത വഹിച്ചു. വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ കെ.കെ സിജു, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ രജനി മനോഷ്, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ലതാ ഭാസി, വാർഡ് അംഗങ്ങളായ പി.വി പൗലോസ്, പ്രകാശ് ശ്രീധരൻ, ലൈജു ജനകൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബി ബീഗം സൈന, കൊച്ചിൻ ദേവസ്വം മുൻ ബോർഡ് മെമ്പർ മുരളീധരൻ, കൊച്ചിൻ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മിഷണർ കെ .സുനിൽ കുമാർ, കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറി പി. ബിന്ദു, കൊച്ചിൻ ദേവസ്വം ബോർഡ് അസിസ്റ്റന്റ് കമ്മീഷണർ ബിജു ആർ പിള്ള, ദേവസ്വം മാനേജർ രജനി രാധാകൃഷ്ണൻ, വിവിധ രാഷ്ട്രീയ നേതാക്കൾ, വ്യാപാരി വ്യവസായികൾ, റെസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

# കെഎംഎ വിമെൻ മാനേജേഴ്സ് കോൺക്ലേവ് 14 ന്

**കൊച്ചി:** കെഎംഎ വിമെൻ മാനേജേഴ്സ് കോൺക്ലേവ് 14 ന് രാവിലെ 9.30 മുതൽ പനമ്പള്ളിനഗർ അവന്യൂ സെന്റർ ഹോട്ടലിൽ നടക്കും. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ കേരള മേധാവി ഗീതിക വർമ്മ ഉദ്ഘാടനം ചെയ്യും. ചലച്ചിത്ര താരം ശ്രുതി രാമചന്ദ്രൻ വിശിഷ്ടാതിഥിയാകും. ഷീന സുരേഷ് (എൻ ഐ ടി സൂറത്കൽ), ജയനി ബെനെയിം (ഇ ഡി ആൻഡ് ചെയർപേഴ്സൺ ബെനെയിംസ് ഗ്രൂപ്പ്), സൂസൻ എബ്രഹാം (ഇൻഫ്ളുവൻസർ), ക്രിസ്റ്റൽ ഹർട്ട് സിംഗ് (സഹസ്ഥാപക, മാനേജിംഗ് ട്രസ്റ്റി ദിൽ സെ), അനീറ്റ കാട്ടൂക്കാരൻ (ഫൗണ്ടർ ആൻഡ് സിഇഒ, റോബോ കിഡ്സ്) എന്നിവർ മുഖ്യപ്രഭാഷണങ്ങൾ നടത്തും.ആക്സിലറേറ്റ് എംപവറിങ് വിമെൻ ഇൻ ഫിൻടെക് എന്ന പാനൽ ചർച്ചയിൽ എസ് സി എം എസ് ഗ്രൂപ്പ് ഡയറക്ടർ ഡോ. ഇന്ദു നായർ മോഡറേറ്ററാകും. നിത്യ വാസുദേവൻ, നിമിഷ വടക്കൻ, ശാലിനി സി ബാബു എന്നിവർ പങ്കെടുക്കും. നെക്സ്റ്റ് ജെൻ ലീഡേഴ്സ് പേവിങ് ദി വേ എന്ന വിഷയത്തിലെ പാനൽ ചർച്ചയിൽ എസ് സി എം എസ് ഗ്രൂപ്പ് ഡയറക്ടർ ഡോ. രാധ തേവന്നൂർ മോഡറേറ്ററാകും. ആരതി വർമ്മ, തേജസ്വി ലാവ, സ്നേഹ ജിസ് കൊട്ടുകാപ്പിള്ളി, മറിയം ഹഫീസ് എന്നിവർ പങ്കെടുക്കുമെന്ന് കെ എം എ പ്രസിഡൻറ് ബിബു പുന്നൂരാൻ, സെക്രട്ടറി ഡോ. അനിൽ ജോസഫ്, വിമെൻ മാനേജേഴ്സ് ഫോറം ചെയർ ലേഖ ബാലചന്ദ്രൻ എന്നിവർ അറിയിച്ചു.രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 90727 75588, info@kma.org.in.

# സിവിൽ സ്റ്റേഷനിൽ ആലങ്ങാടൻ പൊട്ടു വെള്ളരി ഫെസ്റ്റ്

**കൊച്ചി;** കടുത്ത വേനൽ ചൂടിന് ആശ്വാസം പകർന്ന് കാക്കനാട് സിവിൽ സ്റ്റേഷനിൽ ആലങ്ങാടൻ പൊട്ടു വെള്ളരി ഫെസ്റ്റ്. ജില്ലാ കൃഷി ഓഫീസും ജില്ലാ പഞ്ചായത്തും ജില്ലാ ഭരണകൂടവും സംയുക്തമായാണ് ഏകദിന ഫെസ്റ്റ് സംഘടിപ്പിച്ചത്. ഫെസ്റ്റിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ നിർവഹിച്ചു. കർഷകർക്ക് തങ്ങളുടെ വിളകൾ വിറ്റഴിക്കാൻ വിപണി ഒരുക്കുന്നതിന്റെ ഭാഗമായാണ് ഫെസ്റ്റ് സംഘടിപ്പിച്ചിരിക്കുന്നതെന്നും കർഷകരെ പരമാവധി പിന്തുണയ്ക്കണമെന്നും അദ്ദേഹം പറഞ്ഞു. കർഷകർക്ക് ന്യായവില ലഭ്യമാക്കുകയാണ് പ്രധാനമെന്നും ഇത്തരം മേളകളിൽ പരമാവധി പങ്കാളിത്തം ഉറപ്പാക്കണമെന്നും മേളയിലെ ആദ്യ വില്പന നടത്തിയ ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് പറഞ്ഞു. ആലങ്ങാടുള്ള കർഷകർ ഉൽപാദിപ്പിച്ച പൊട്ടു വെള്ളരിയും ജ്യൂസുമായിരുന്നു മേളയിലെ പ്രധാന ആകർഷണം. അതിനൊപ്പം വിവിധ പച്ചക്കറികൾ, കൂൺ, തേൻ എന്നിവയും വിൽപ്പനയ്ക്ക് എത്തിച്ചിരുന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# വാക്കബിൾ കൊച്ചി പദ്ധതിക്ക് തുടക്കം




**കൊച്ചി:** കൊച്ചിയെ കാൽനട യാത്ര സൗഹൃദ നഗരമാക്കുന്നതിനായി കൊച്ചി നഗരസഭ വിഭാവനം ചെയ്ത 'വാക്കബിൾ കൊച്ചി' പദ്ധതിയ്ക്ക് തുടക്കമായി. മേയർ അഡ്വ. എം അനിൽകുമാർ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. കൊച്ചി നഗരസഭയുടെ 74 വാർഡുകളിൽ നിലവിലെ കാൽനട യാത്ര സൗകര്യങ്ങൾ ജനപങ്കാളിത്ത ഓഡിറ്റുകളിലൂടെ പഠന വിധേയമാക്കി, അനുയോജ്യമായ കാൽനട യാത്ര അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതിയാണ് വാക്കബിൾ കൊച്ചി. ജി.ഐ.ഇസഡ് ഇന്ത്യയുടെ സാങ്കേതിക സഹകരണത്തോടെ, ഇന്തോ ജർമൻ വികസന സഹകരണ പദ്ധതിയായ സസ്റ്റൈനബിൾ അർബൻ മൊബിലിറ്റി എയർ ക്വാളിറ്റി, ക്ലൈമറ്റ് ആക്ഷൻ, ആക്സിസിബിലിറ്റി പ്രോജക്ടിന് കീഴിൽ സിഹെഡ് പങ്കാളിത്തത്തോടെയാണ് വാക്കബിൾ കൊച്ചി പദ്ധതി നടപ്പിലാക്കുന്നത്.

കൊച്ചി നഗരസഭയുടെ മാസ്റ്റർ പ്ലാൻ 2040 മുൻനിർത്തി വാർഡ് തലത്തിൽ ഏറ്റവും അധികം കാൽനടയാത്രക്കാർ സഞ്ചരിക്കുന്ന 'പ്രയോരിറ്റി വാക്കിങ് നെറ്റ്‌വർക്ക്' കണ്ടെത്തുന്നതാണ് പദ്ധതിയുടെ ആദ്യ ഘട്ടം. പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങളിലൂടെ നഗരത്തിൽ മൊത്തം എത്ര കിലോമീറ്റർ റോഡ് നെറ്റ്‌വർക്ക് ഉണ്ടെന്നും അതിൽ എത്ര ഫുട്പാത്തുകൾ ഉണ്ടെന്നും ഇതിൽ മോശം അവസ്ഥയിലുള്ള എത്ര ഫുട്പാത്തുകൾ ഉണ്ടെന്നും കണ്ടെത്താൻ സാധിക്കും. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ നഗരസഭയുടെ എഴുപത്തി നാല് വാർഡുകളിലെയും പ്രയോരിറ്റി വാക്കിങ് നെറ്റ്‌വർക്ക് സ്മാർട്ഫോൺ ഉപയോഗിച്ച് ജനപങ്കാളിത്തത്തോടെ ഓഡിറ്റ് ചെയ്യും. ഇതിനായി വിവിധ സംഘടനകൾ, വിദ്യാഭ്യാസ ഇതര സ്ഥാപനങ്ങൾ എന്നിവരുടെ സഹായം ലഭ്യമാക്കും. അടുത്ത ഘട്ടത്തിൽ ഓഡിറ്റിലൂടെ ശേഖരിച്ച വിവരങ്ങൾ പൊതുജനങ്ങൾക്കു ലഭ്യമാകുന്ന രീതിയിൽ സിഹെഡ് വെബ്സൈറ്റിൽ ഒരു ഡിജിറ്റൽ ഡാഷ്ബോർഡിൽ പ്രസിദ്ധീകരിക്കും. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കായി ഒരു ദീർഘകാല അടിസ്ഥാനത്തിലുള്ള പ്ലാൻ തയ്യാറാക്കും.കൊച്ചി നഗരസഭ ഫണ്ട്, മറ്റ് ഫണ്ടുകൾ എന്നിവ ചെലവഴിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക. ഓരോ വർഷവും പദ്ധതി പ്രവർത്തനങ്ങൾക്കായി ഫണ്ട് ചെലവഴിക്കും. പദ്ധതിയുടെ ഭാഗമായി നഗരത്തിലെ നിലവിലുള്ള ഫുട്പാത്തുകൾ ഘട്ടം ഘട്ടമായി സഞ്ചാരയോഗ്യമാക്കും. ഓരോ ഡിവിഷനിലും ഏറ്റവും കൂടുതൽ ആളുകൾ ആശ്രയിക്കുന്ന റോഡുകളായിരിക്കും ആദ്യം വികസിപ്പിക്കുക. കൊച്ചി നഗരത്തിന്റെ കാൽനട യാത്ര ക്ലേശങ്ങൾ പരിഹരിക്കുന്നതിന് വാക്കബിൾ കൊച്ചി പദ്ധതി ഒരു പുതിയ കാൽവെപ്പാകുമെന്നും ഇതിലൂടെ നടപ്പാതകൾ, ജംഗ്ഷൻ ക്രോസിങ്ങുകൾ മുതലായവ മെച്ചപ്പെടുത്തി എല്ലാവർക്കും സുരക്ഷിതവും, ആയാസരഹിതവും ഭിന്നശേഷി സൗഹൃദവുമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ സാധ്യമാകുമെന്നും പദ്ധതി ഉദ്ഘാടനം ചെയ്തുകൊണ്ട് മേയർ പറഞ്ഞു. ജനപങ്കാളിത്ത ഓഡിറ്റുകളിലൂടെ നഗരസഭ നടപ്പിലാക്കുന്ന വാക്കബിൾ കൊച്ചി പദ്ധതി, കൊച്ചിയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്ക് ഊർജമേകുന്ന ഒരു തുടക്കം ആകുമെന്നും മേയർ പറഞ്ഞു.

## ഐ.ടി.ഐയിൽ അഭിമുഖം

**തിരുവനന്തപുരം:** കഴക്കൂട്ടം ഗവ.ഐ.ടി.ഐ (വനിത) യിൽ വിവിധ ട്രേഡുകളിൽ ഗസ്റ്റ് ഇൻസ്ട്രക്ടർ തസ്തികയിൽ നിയമനത്തിന് മാർച്ച് 27 ന് അഭിമുഖം നടത്തും. കമ്പ്യൂട്ടർ എയ്ഡഡ് എംബ്രോയ്ഡറി & ഡിസൈനിംഗ്, സെക്രട്ടേറിയൽ പ്രാക്ടീസ് (ഇംഗ്ലീഷ്) ട്രേഡുകളിലാണ് ഒഴിവ്. ടെക്സ്റ്റൈൽ ഡിസൈനിംഗ് / ഫാഷൻ ടെക്നോളജി / കോസ്റ്റ്യൂം ഡിസൈനിംഗ് ആന്റ് ഡ്രെസ് മേക്കിംഗിൽ വൊക്കേഷണൽ ബിരുദമോ ഡിപ്ലോമയും പ്രവൃത്തിപരിചയവുമാണ് കമ്പ്യൂട്ടർ എയ്ഡഡ് എംബ്രോയ്ഡറി & ഡിസൈനിംഗ് ട്രേഡിലെ ഗസ്റ്റ് ഇൻസ്ട്രക്ടറിന് വേണ്ട യോഗ്യത. സെക്രട്ടേറിയൽ പ്രാക്ടീസ് (ഇംഗ്ലീഷ്) ട്രേഡിലെ ഗസ്റ്റ് ഇൻസ്ട്രക്ടർ തസ്തികയിലേക്ക് വൊക്കേഷണൽ ബിരുദം / ആർട്സ് കൊമേഴ്സ് വിഷയത്തിലെ ബിരുദം അല്ലെങ്കിൽ കൊമേഴ്സ്യൽ പ്രാക്ടീസിലെ ഡിപ്ലോമയും പ്രവർത്തിപരിചയവും വേണം. ഉദ്യാഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം രാവിലെ 11 മണിക്ക് പ്രിൻസിപ്പാൾ മുൻപാകെ ഹാജരാകണം. ഫോൺ: 0471 2418317.

## കെ.എ.എസ് പരീക്ഷാ പരിശീലനം

**കൊച്ചി:** സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമിയുടെ തിരുവനന്തപുരം, ആലുവ, കോഴിക്കോട് കേന്ദ്രങ്ങളിൽ മാർച്ച് 20 ന് ആരംഭിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് (കെ.എ.എസ്) പരീക്ഷാ പരിശീലന ക്ലാസിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ളവർക്ക് https://kscsa.org വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് : തിരുവനന്തപുരം : 8281098863, 0471 2313065, 2311654, 8281098862, 8281098861, 8281098864, ആലുവ : 8281098873, കോഴിക്കോട് : 04952386400, 8281098870.

# സുസ്ഥിരതയും ഊർജ പരിവർത്തനവും; ചർച്ച സംഘടിപ്പിച്ച് സൗത്ത് ഇന്ത്യൻ ബാങ്ക്




**കോയമ്പത്തൂർ:** സുസ്ഥിര ഊർജ മേഖലയിലെ നിക്ഷേപ സാധ്യതകളെക്കുറിച്ച് സൗത്ത് ഇന്ത്യൻ ബാങ്കിന്റെ നേതൃത്വത്തിൽ കോയമ്പത്തൂർ റസിഡൻസി ടവേഴ്സിൽ വച്ച് 'സസ്റ്റൈബിലിറ്റി ആൻഡ് എനർജി ട്രാൻസിഷൻ' എന്ന വിഷയത്തിൽ ചർച്ച സംഘടിപ്പിച്ചു. യു.കെ ആസ്ഥാനമായി പ്രവർത്തിക്കുന്ന ആഗോള ഇൻവെസ്റ്റ്മെന്റ് ബാങ്കായ പാന്റോക്രേറ്ററുമായി സഹകരിച്ചാണ് ചർച്ച സംഘടിപ്പിച്ചത്. പുനരുപയോഗ ഊർജ സ്രോതസുകളുടെ സുസ്ഥിരതയും അവയുടെ വിതരണവും സംബന്ധിച്ച് സെഷനുകൾ നടന്നു.ഈ മേഖലയിലെ ആഗോള ട്രെൻഡുകൾ, വർധിച്ചുവരുന്ന സാധ്യതകൾ എന്നിവയെപ്പറ്റിയും ചർച്ച നടത്തി. സൗത്ത് ഇന്ത്യൻ ബാങ്ക് എംഡിയും സിഇഒയുമായ പി ആർ ശേഷാദ്രി, എവർ റിന്യു എനർജി ഗ്രൂപ്പ് സിഇഒ ആർ വെങ്കടേഷ്, പാന്റോക്രേറ്റർ യു. കെ സഹസ്ഥാപകനും മാനേജിംഗ് പാർട്നറുമായ ആന്ദ്രേ ഷോട്ടൽ, പാന്റോക്രേറ്റർ യു. കെ സീനിയർ അഡ്വൈസർ രാജാറാം വെങ്കട്ടരാമൻ, സൗത്ത് ഇന്ത്യൻ ബാങ്ക് സീനിയർ ജനറൽ മാനേജറും കോർപ്പറേറ്റ് ബിസിനസ് ഗ്രൂപ്പ് മേധാവിയുമായ മിനു മൂഞ്ഞേലി എന്നിവർ സംസാരിച്ചു.

# ഓട്ടോറിക്ഷകളിൽ ക്യാമ്പയിൻ സ്റ്റിക്കറുകൾ പതിപ്പിച്ചു

**കൊച്ചി:** മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി മരട് നഗരസഭാപരിധിയിൽ സേവനം നൽകുന്ന ഓട്ടോറിക്ഷകളിൽ ക്യാമ്പയിൻ സ്റ്റിക്കറുകൾ പതിച്ചു. കുണ്ടന്നൂർ ഓട്ടോ സ്റ്റാൻഡിൽ വെച്ചു നടത്തിയ ജനകീയ ക്യാമ്പയിന്റെ ഉദ്ഘാടനം നഗരസഭാ ചെയർമാൻ ആന്റണി ആശാംപറമ്പിൽ നിർവ്വഹിച്ചു. വൈസ് ചെയർ പേഴ്സൺ അഡ്വ രശ്മി സനിൽ അധ്യക്ഷത വഹിച്ചു. സ്ഥിരം സമിതി അധ്യക്ഷന്മാരായ റിനി തോമസ്, ബേബി പോൾ, കൗൺസിലർമാരായ സി.ആർ.ഷാനവാസ്, ചന്ദ്രകലാധരൻ, മിനി ഷാജി,പി.ഡി. രാജേഷ്, ജയ ജോസഫ്, സിബി സേവ്യർ, ഹെൽത്ത് ഇൻസ്പെക്ടർ പി.ഐ. ജേക്കബ്സൺ,ഹുസൈൻ എ ,വിനു മോഹൻ, അനീസ് ' എ.എസ് അബ്ദുൾ സത്താർ എന്നിവർ പ്രസംഗിച്ചു.

